بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാല്യം 8

ലക്കം 49

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ഡിസംബർ 7/ ഹി.ശം 1402 ഫതഹ് 7/1445 ജമാദുൽ അവ്വൽ 22

## അല്ലാഹുവിന്റെ വചനം

وَمَنۡ اَظۡلَمُ مِمَّنِ افۡتَرٰی عَلَی اللّٰہِ کَذِبًا اَوۡ کَذَّبَ بِاٰیٰتِہٖ ؕ اِنَّہٗ لَا یُفۡلِحُ الظّٰلِمُوۡنَ ﴿۲۲﴾

അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമയ്ക്കുകയോ അവന്റെ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറയുകയോ ചെയ്യുന്നവനെക്കാൾ വലിയ അക്രമി മറ്റാരാണ്? തീർച്ചയായും അക്രമികൾ വിജയം പ്രാപിക്കുകയില്ല.
(വിശുദ്ധ ഖുർആൻ 6:22)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

(2476). അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:എന്റെ ആത്മാവിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന അല്ലാഹു സത്യം. മർയമിന്റെ മകൻ നീതിമാനായ വിധികർത്താവിയിക്കൊണ്ട് അടുത്തുതന്നെ നിങ്ങളിൽ വന്നിറങ്ങും. എന്നിട്ട് കുരിശിനെ ഉടയ്ക്കുകയും പന്നിയെ കൊല്ലുകയും ജിസ്‌യ നിറുത്തലാക്കുകയും ചെയ്യും. അന്ന് ധനം ഒഴുകുവാൻ തുടങ്ങും. പക്ഷേ, അതു സ്വീകരിക്കാനാരുമുണ്ടായിരിക്കുകയില്ല.

**വ്യാഖ്യാനം**: സയ്യിദ് സയ്നുൽആബ്ദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് പറയുന്നു:ഈ ഹദീഥ് ഒരു മഹത്തായ പ്രവചനമടങ്ങിയതാണ്. ഇതിൽനിന്ന് കുരിശുകൾ ഉടയ്ക്കുക, പന്നിയെ കൊല്ലുക എന്നത് അനുവദനീയമാണെന്ന് സ്ഥാപിതമാകുന്നില്ല.

(2477). ഹദ്റത്ത് സലമ ബിൻ അക്‌വഅ്(റ)നിവേദനം. ഖയ്ബർ യുദ്ധസന്ദർഭത്തിൽ ചിലർ തീകത്തിക്കുന്നത് നബി(സ)തിരുമേനി കണ്ടു. എന്തിനാണ് നിങ്ങൾ തീ കത്തിക്കുന്നതെന്ന് അവിടന്ന് ചോദിച്ചു. നാടൻ കഴുതയുടെ മാംസം പാകം ചെയ്യാനാണെന്ന് സ്വഹാബത്ത് പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾ അത് പൊട്ടിക്കുകയും മാംസം ഒഴുക്കിക്കളയുകയും ചെയ്യുക. അവർ ചോദിച്ചു: ഞങ്ങൾ മാംസം ഒഴുക്കിക്കളഞ്ഞ് പാത്രം കഴുകിയെടുക്കട്ടെയോ? അവിടന്ന് പറഞ്ഞു:നിങ്ങൾ കഴുകിയെടുക്കുവിൻ.

**ഓർമിക്കുക! ഈമാൻ ഒരു രഹസ്യമാണ്. അത് മുഅ്മിനും അല്ലാഹുവിനുമിടയിലുണ്ടാകുന്നതാണ്. അതിനെ സൃഷ്ടികളിൽനിന്ന് മുഅ്മിനല്ലാതെ മറ്റാർക്കും അറിയാൻ കഴിയുകയില്ല. ഞനാഗ്രഹിക്കുന്നത് നമ്മുടെ സ്നേഹിതന്മാർ അല്ലാഹുവുമായുള്ള ഈ രഹസ്യത്തെ ആദരണീയരായ സ്വഹാബത്തിനെപ്പോലെ ആക്കിത്തീർക്കണമെന്നാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ഈ വ്യാജമായ ജീവിതം ഭസ്മമാകുകയും തൽസ്ഥാനത്ത് അനശ്വരവും സൗഖ്യം പ്രദാനം ചെയ്യുന്നതുമായ പുതിയ ജീവിതം ലഭിക്കുകയും അതിന്റെ പരമ്പര തുടങ്ങുകയും താൽക്കാലിമായ ഈ ജീവിതം ഭൗതികതയുടെ എരിച്ചിലും ജ്വലനവുമകന്ന് ഈമാനിൽ ഒരു രുചിയും ആത്മാവിൽ ഒരു സമാധാനവും സന്തോഷവും ഉണ്ടാകുന്നതുവരെ ആരാധനയിൽ ക്ഷീണിക്കാതിരിക്കേണ്ടതും മടികാണിക്കാതിരിക്കേണ്ടതും മുഅ്മിന് നിർബന്ധമാണ്. തീർച്ചയായും മനസ്സിലാക്കുക, മനുഷ്യൻ ഈ അവസ്ഥ പ്രാപിക്കാത്തിടത്തോളം ഈമാൻ സമ്പൂർണവും ശരിയായതുമാകുകയില്ല. ഇതുകൊണ്ടാണ് അല്ലാഹു ദൃഢവിശ്വാസത്തിന്റെ സമ്പൂർണമായ നില കൈവരിക്കുന്നതുവരെ, എല്ലാ പർദകളും അന്ധകാരങ്ങളുമകന്ന്, ആദ്യമുണ്ടായിരുന്ന ആളല്ല ഇപ്പോൾ താനെന്ന് മനസ്സിലാകുംവരെ നീ ആരാധന ചെയ്തുകൊണ്ടേയിരിക്കുകയെന്ന് ഇവിടെ പറഞ്ഞത്. എന്നല്ല, ഇപ്പോൾ പുതിയരാജ്യവും പുതിയഭൂമിയും പുതിയ ആകാശവും മാത്രമല്ല ഞാൻ തന്നെയും ഒരു പുതിയസൃഷ്ടിയായിരിക്കുന്നു. സ്വൂഫിവര്യന്മാർ ബഖാ എന്നപേരിൽ വിളിക്കുന്നതാണ് ഈ ഹയാത്തെഥാനീ അഥവാ രണ്ടാമത്തെജീവിതം. മനുഷ്യൻ ഈ പദവി പ്രാപിക്കുമ്പോൾ അല്ലാഹുവിന്റെ ആത്മാവിന്റെ ഊത്ത് അവനിലുണ്ടാകുന്നു. മലക്കുകളുടെ ഇറക്കം അവനിലുണ്ടാകുന്നു. നബി(സ) തിരുമേനി ഹദ്റത്ത് അബൂബക്റിനെ സംബന്ധിച്ച്, ആരെങ്കിലും മരിച്ചശരീരം ഭൂമിയിലൂടെ നടക്കുന്നത് കാണാനാഗ്രഹിക്കുന്നെങ്കിൽ അയാൾ അബൂബക്റിനെ നോക്കിക്കൊള്ളുക എന്ന പറഞ്ഞതിന്റെ രഹസ്യം ഇതുതന്നെയാണ്. അബൂബക്റിന്റെ പദവി അദ്ദേഹത്തിന്റെ ബാഹ്യമായ കർമം കൊണ്ടായിരുന്നില്ല. പ്രത്യുത അദ്ദേഹത്തിന്റെ ഹൃദയത്തിലുണ്ടായിരുന്നതിന്റെ ഫലം കൊണ്ടായിരുന്നു.

ഓർമിക്കുക! ഈമാൻ ഒരു രഹസ്യമാണ്. അത് മുഅ്മിനും അല്ലാഹുവിനുമിടയിലുണ്ടാകുന്നതാണ്. അതിനെ സൃഷ്ടികളിൽനിന്ന് മുഅ്മിനല്ലാതെ മറ്റാർക്കും അറിയാൻ കഴിയുകയില്ല. അന ഇൻദള്ളുന്നി അബ്ദീ ബീ എന്നതിന്റെ യാഥാർഥ്യം ഇതുതന്നെയാണ്. ചില നേരത്ത് യഥാർഥമായ അറിവുകളിൽനിന്നും ഈശ്വരീയജ്ഞാനങ്ങളിൽനിന്നും ദൗർഭാഗ്യരായിട്ടുള്ളവർ ഏതെങ്കിലും മുഅ്മിനിന്റെ അല്ലാഹുവുമായിട്ടുള്ള ഈ ബന്ധങ്ങളറിയാത്തതുകൊണ്ട് അദ്ദേഹത്തിന്റെ ചില അവസ്ഥകൾ ഉദാഹരണത്തിന് സമ്പത്തിലും ഉപജീവനമാർഗത്തിലും ആശ്ചര്യവും അത്ഭുതവും പ്രകടിപ്പിക്കാറുണ്ട്. ചിലപ്പോൾ ഈ അത്ഭുതം അവരെ തെറ്റായധാരണകളും വഴികേടുംവരെ കൊണ്ടുപോകുന്നു. കാരണം അവരുടെ ദൃഷ്ടി അവരുടെതന്നെ പരിമിതമായ കാര്യഹേതുക്കളിലാണുള്ളത്. അവർ അല്ലാഹുവുമായി ആ മുഅ്മിൻ വെച്ചുപുലർത്തുന്ന രഹസ്യത്തിലും സ്വകാര്യതയിലും അജ്ഞരാണ്. ഞനാഗ്രഹിക്കുന്നത് നമ്മുടെ സ്നേഹിതന്മാർ അല്ലാഹുവുമായുള്ള ഈ രഹസ്യത്തെ ആദരണീയരായ സ്വഹാബത്തിനെപ്പോലെ ആക്കിത്തീർക്കണമെന്നാണ്.

(മൽഫൂദാത്ത് വാല്യം 1, പേജ് 499, പ്രസാധനം 2018 ഖാദിയാൻ)

**മയ്ദിലേയും ഇറാനിലേയും രാജാവായ കോരശാണിനാണ് അല്ലാഹു ദുൽഖർനയ്ൻ എന്നു പേര് നല്കിയിട്ടുള്ളത്. ഈ രാജാവ് വിശുദ്ധ ഖുർആൻ വിവരിക്കുന്ന സവിശേഷഗുണങ്ങൾ ഉൾക്കൊള്ളുന്നയാളാണ്. യെശയ്യാ പ്രവാചകന്റെ വചനങ്ങളും അതിനെ ശരിവെക്കുന്നുണ്ട്.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറ കഹ്ഫിലെ 84ാം വചനമായ വ യസ്അലൂനക്ക അൻ ദിൽഖർനയ്ൻ(അവർ നിന്നോടു ദുൽഖർനയ്നിനെ സംബന്ധിച്ച് ചോദിക്കുന്നു) എന്നതിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു:

ഇനി ഞാൻ ദുൽഖർനയ്നിനെ സംബന്ധിച്ച് എന്റെ ഗവേഷണം വിവരിക്കുകയാണ്. ഞാൻ മുകളിൽ പറഞ്ഞു കഴിഞ്ഞതാണ്, അതായത് മുൻകാല ഖുർആൻ വ്യാഖ്യാതാക്കളുടേയും യൂറോപ്യൻ ഗവേഷകരുടേയും അഭിപ്രായവുമാണ്, അഹ്മദിയ്യ ജമാഅത്തിന്റെ ഒന്നാമത്തെ ഖലീഫ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്(റ)വിവരിച്ചതുപോലെ, എന്റെ അഭിപ്രായത്തിലും ദുൽഖർനയ്ൻ ഇറാനീ രാജാക്കന്മാരിൽ നിന്നുള്ള ഏതോ ഒരു രാജാവിന്റെ പേരാകുന്നു. ഹദ്റത്ത് മൗലവി സാഹിബ്(റ)അദ്ദേഹത്തിന്റെ പേര് കെയ്ഖബാദ് എന്നു പറയുന്നു. ചിലർ അവരുടെ ഗവേഷണത്തിൽ ആ രാജാവിനെ ഒന്നാമത്തെ ദാറാ എന്ന വ്യത്യാസത്തോടെയും പറഞ്ഞിരിക്കുന്നു. എന്നാൽ, എന്റെ അഭിപ്രായത്തിൽ ഒന്നാമതായി വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ട നിബന്ധനകൾ നോക്കിക്കൊണ്ട് ആ രാജാവിനെ തീരുമാനിക്കേണ്ടതാണ്. വിശുദ്ധ ഖുർആനിൽനിന്ന് മനസ്സിലാകുന്നത് (1)ദുൽഖർനയ്ന് ഇൽഹാം അല്ലെങ്കിൽ സ്വപ്നങ്ങൾ ഉണ്ടാകാറുണ്ടായിരുന്നു.(2) അദ്ദേഹം തന്റെ നാട്ടിൽനിന്ന് രാജ്യം കീഴടക്കിക്കൊണ്ട് പടിഞ്ഞാറു ഭാഗത്തേക്ക് പോയി. അവിടെ ഒരു കറുത്ത തടാകത്തിൽ സൂര്യനസ്തമിക്കുകയായിരുന്നു. (3)അതിനുശേഷം അദ്ദേഹം കിഴക്കുഭാഗത്തേക്ക് തിരിഞ്ഞു. കിഴക്കൻ രാജ്യങ്ങളെ കീഴടക്കി. (4)പിന്നീട് അദ്ദേഹം ഒരു ഇടയ്ക്കുള്ള പ്രദേശത്തേക്ക് പോയി. അവിടെനിന്ന് യഅ്ജൂജ് മഅ്ജൂജ് ആക്രമിക്കുകയായിരുന്നു. അദ്ദേഹം അവിടെ ഭിത്തികെട്ടി.

നമ്മൾ ആരാണ് ദുൽഖർനയ്ൻ എന്ന് നിശ്ചയിക്കുന്നതിനുമുമ്പേ നമ്മുടെ ബുദ്ധിയിൽ സൂചിപ്പിക്കപ്പെട്ട ദുൽഖർനയ്ൻ അതിനർഹനാണോ എന്ന് നോക്കേണ്ടത് അത്യാവശ്യമാണ്. അദ്ദേഹത്തിൽ ഇക്കാര്യങ്ങളെല്ലാം കണുന്നുണ്ടോ? പ്രത്യേകിച്ചും അദ്ദേഹത്തിന് ഇൽഹാം ലഭിക്കാറുണ്ടായിരുന്നോ, ദൈവികതയുടെ സ്വീകാര്യനാണോ എന്നും!

മയ്ദിലേയും ഇറാനിലേയും രാജാക്കന്മാരിൽ നിന്നുതന്നെയുള്ള ഏതെങ്കിലും രാജാവാണ് ഇവിടെ ഉദ്ദേശ്യമെന്ന കാര്യം മുമ്പേതന്നെ തീ

(ശേഷം പേജ് 12ൽ)

THE WEEKLY AL HAKAM www.alhakam.org

## ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ 2023 നവംബർ 3 (സമ്പൂർണ തർജമ)
ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ അയർലൻഡ് പര്യടനം
മൽഫൂദാത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

- നിങ്ങൾ അല്ലാഹുവിന്റെ വഴിയിൽ നിങ്ങൾക്കേറ്റവും പ്രിയപ്പെട്ട സമ്പത്തും വസ്തുക്കളും ചെലവഴിക്കാത്തിടത്തോളം മോക്ഷംവരെ കൊണ്ടെത്തിക്കുന്ന യഥാർഥ നന്മ നിങ്ങളൊരിക്കലും പ്രാപിക്കുകയില്ല.(ഹദ്റത്ത് മസീഹ് മൗഊദ്(അ)
- ഒരു ഭൗതികനായ വ്യക്തിയുടെ വീക്ഷണത്തിൽ ഇക്കാര്യങ്ങൾ മനസ്സിലാക്കുക ദുഷ്കരമാണ്. എന്നാൽ, വിശ്വാസദാർഢ്യമുള്ളവർക്ക് ഈ ത്യാഗങ്ങളുടെ ഫലമായി അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണ് കാണാൻ കഴിയുന്നതെന്ന് അറിയാം.
- ധനാഢ്യരായ ആളുകളോടും ഞാൻ പറയട്ടെ, അവരും ഇതിൽനിന്ന് പാഠമുൾക്കൊള്ളേണ്ടതാണ്. തങ്ങളുടെ ത്യാഗനിലവാരമുയർത്തേണ്ടതാണ്.
- ഓർക്കുക! അല്ലാഹു ഒന്നുംതന്നെ കടമായി വെക്കാറില്ല.
- അല്ലാഹു കത്തിച്ചുവെച്ച ഈ വിളക്ക് ശത്രുക്കളുടെ ഊത്തുകൊണ്ട് അണഞ്ഞുപോകുമോ? എത്ര വേണമെങ്കിലും ശ്രമിച്ചുകൊള്ളുക, പരാജയം മാത്രമാണ് ശത്രുക്കൾക്ക് വിധിച്ചിട്ടുള്ളത്. ജമാഅത്ത് ലോകത്തിന്റെ എല്ലാ കോണുകളിലും ത്യാഗങ്ങളുടെ മാതൃക സ്ഥാപിച്ചുകൊണ്ട് പുരോഗതിപ്രാപിച്ചുകൊണ്ടിരിക്കുന്നു.
- തഹ്രീക്കെ ജദീദിന്റെ ലക്ഷ്യംതന്നെ, തബ്‌ലീഗ് ചെയ്ത് ജമാഅത്തിനെ വർധിപ്പിക്കുകയാണ്. ലോകത്തിന്റെ സകല രാജ്യത്തും അഹ്മദിയ്യാ ജമാഅത്ത് മുഖേന ഇസ്‌ലാമിന്റെ പതാക ഉയർത്തുകയാണ്. ചുരുക്കത്തിൽ അഹ്മദിയ്യാ ജമാഅത്ത് മുഖേന ഇസ്‌ലാമിന്റെ മടിത്തട്ടിൽ വരുന്നവർ വിശ്വാസത്തിലും ദൃഢജ്ഞാനത്തിലും ത്യാഗത്തിലും മാതൃകകൾ സ്ഥാപിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.
- ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തുടക്കത്തിൽ ഈ പദ്ധതിയെ പത്ത് വർഷത്തേക്ക് നീട്ടിയിരുന്നു. അതായത് മൂന്ന് വർഷം പത്ത് വർഷമാക്കി ഉയർത്തി. പിന്നീട് പത്ത് വർഷം പൂർത്തിയായപ്പോൾ അതിന്റെ സൽഫലങ്ങൾ വെളിപ്പെട്ടുതുടങ്ങിയപ്പോൾ, വീണ്ടും ത്യാഗം ചെയ്യാൻ ആഗ്രഹമുയർന്നപ്പോൾ പിന്നേയും നീട്ടുകയുണ്ടായി. തുടർന്ന് ഇത് സ്ഥായിയായൊരു പദ്ധതിയായി രൂപപ്പെട്ടു.
- ഇന്ന് വീണ്ടും 19 വർഷം പൂർത്തിയായിരിക്കുന്നു. ഇന്ന് 19 വർഷം പൂർത്തിയായതിനാൽ ഞാൻ ആറാമത്തെ ദഫ്തർ വിളംബരപ്പെടുത്തുകയാണ്. ഇതിൽ പുതുതായി പങ്കുചേരുന്ന അഹ്മദികളും പുതുതായി ജനിക്കുന്ന കുട്ടികളും അതല്ലെങ്കിൽ നേരത്തെ മറ്റേതെങ്കിലും ദഫ്തറിൽപ്പെടാത്തവരും  ഉൾപ്പെടുന്നതാണ്.
- അല്ലാഹു ത്യാഗം ചെയ്യുന്ന എല്ലാവരുടേയും സമ്പത്തിലും ആയുസ്സിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. ഇവർ മുമ്പേയുള്ളതിനെക്കാൾ അധികം ത്യാഗം ചെയ്യുന്നവരാകുമാറാകട്ടെ.
- ഫലസ്തീനികളെ എപ്പോഴും ദുആകളിലോർക്കുക. അവരെ മറക്കരുത്. അക്രമങ്ങളുടെ ആട്ടുകല്ലിൽ അരയ്ക്കപ്പെടുന്ന സ്ത്രീകളുടേയും കുട്ടികളുടേയും മോചനത്തിന് അല്ലാഹു എത്രയുംവേഗം വഴിയൊരുക്കുമാറാകട്ടെ.
- തഹ്രീക്കെ ജദീദിന്റെ 89 വർഷത്തിന്നിടയിൽ ജമാഅത്തംഗങ്ങൾ സമർപിച്ച സാമ്പത്തിക ത്യാഗത്തിന്റെ ചർച്ചയും 90-ാം വർഷ പ്രഖ്യാപനവും!
- ഈ വർഷം ആഗോള അഹ്മദിയ്യ ജമാഅത്തിന് 17.20 മില്യൺ പൗണ്ടിന്റെ ത്യാഗം ചെയ്യാൻ തൗഫീഖ് ലഭിച്ചിരിക്കുന്നു. അൽഹംദുലില്ലാഹ്. ലോകത്തിന്റെ സാമ്പത്തികാവസ്ഥ അങ്ങേയറ്റം മോശമായിരുന്നിട്ടുകൂടി ഇതു കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഏഴുലക്ഷത്തി നാൽപത്തിയൊമ്പതിനായിരം പൗണ്ട് അധികമാണ്.
- വിവിധ രാജ്യങ്ങളുമായി ബന്ധംവയ്ക്കുന്ന ആത്മാർഥരായ അഹ്മദിളുടേയും നവ അഹ്മദികളുടേയും ധനത്യാഗത്തിന്റെ ഈമാൻവർധക സംഭവങ്ങളുടെ വിവരണം.
- അഞ്ചാം ഖിലാഫത്തിന്റെ അനുഗൃഹീത കാലഘട്ടത്തിൽ രണ്ടാമത്തെ ദഫ്തറിന്റെ-മൊത്തമായനിലയിൽ തഹ്രീക്കെ ജദീദിന്റെ ആറാം ദഫ്തറിന്റെ വിളംബരം.

**ഖുത്ബ ജുമുഅ 2023 നവംബർ 03/1402 നുബുവ്വത്ത് 03**
**മസ്ജിദ് മുബാറക്ക്, ഇസ്‌ലാമാബാദ്,യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

*ലൻതനാലുൽബിർറ ഹത്താ ദുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ വമാ തുൻഫിഖൂ മിൻ ശയ്ഇൻ ഫ ഇന്നല്ലാഹ ബിഹീ അലീം(3:93)*

നിങ്ങളിഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ പരിപൂർണ നന്മ പ്രാപിക്കുകയില്ല. നിങ്ങളേതൊന്ന് ചെലവഴിക്കുന്നുവോ അതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു.

ഈ ആയത്തിൽ അല്ലാഹു വളരെ വ്യക്തമായും പറയുന്നു, നന്മയുടെ ഉന്നതനിലവാരം കരസ്ഥമാകുന്നത് ദൈവപ്രീതിക്കുവേണ്ടി നിങ്ങളിഷ്ടപ്പെടുന്നവ അവന്റെ മാർഗത്തിൽ ചെലവഴിക്കുമ്പോൾ മാത്രമായിരിക്കും. ഇതു വിശദീകരിച്ചുകൊണ്ടു ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:നിങ്ങൾ അല്ലാഹുവിന്റെ വഴിയിൽ നിങ്ങൾക്കേറ്റവും പ്രിയപ്പെട്ട സമ്പത്തും വസ്തുക്കളും ചെലവഴിക്കാത്തിടത്തോളം മോക്ഷംവരെ കൊണ്ടെത്തിക്കുന്ന യഥാർഥ നന്മ നിങ്ങളൊരിക്കലും പ്രാപിക്കുകയില്ല.(ഫത്ഹെ ഇസ്‌ലാം, റൂഹാനീ സാഇൻ വാല്യം 2, പേജ് 130)

മറ്റൊരു സ്ഥലത്ത് അവിടന്ന് പറയുന്നു:ധനത്തോടു സ്നേഹമുണ്ടാകാൻ പാടില്ല. അല്ലാഹു പറയുന്നു:ലൻതനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ(3:93)നിങ്ങൾക്കിഷ്ടപ്പെട്ട വസ്തുക്കളിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾക്കൊരിക്കലും നന്മ പ്രാപിക്കാൻ സാധ്യമല്ല.(തഫ്സീറെ ഹദ്റത്ത് മസീഹ് മൗഊദ്(അ), വാല്യം 2, പേജ് 130)

അവിടന്ന് പറയുന്നു:ഉപയോഗശൂന്യവും അനാവശ്യവുമായ സാധനങ്ങൾ ചെലവഴിച്ചുകൊണ്ട് താൻ നന്മ ചെയ്യുകയാണെന്ന് ആർക്കുംതന്നെ പറയാൻ കഴിയുകയില്ല. നന്മയുടെ കവാടം വളരെ ഇടുങ്ങിയതാകുന്നു. അതുകൊണ്ട് മോശമായവസ്തുക്കൾ ചെലവഴിച്ച് ആർക്കുംതന്നെ നന്മയുടെ കവാടത്തിൽ പ്രവേശിക്കാൻ സാധിക്കുകയില്ല. കാരണം ഖുർആനിക സൂക്തം വളരെ വ്യക്തമാണ്: ലൻതനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ(3:93)ഏറ്റവും പ്രിയപ്പെട്ടതും ഇഷ്ടകരവുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം സ്നേഹിതനും പ്രേമഭാജനവുമെന്ന സ്ഥാനം കിട്ടുകയില്ല. ബുദ്ധിമുട്ടാനും യഥാർഥ നന്മ ആർജിക്കാനും താൽപര്യമില്ലെങ്കിൽ പിന്നെങ്ങനെയാണ് വിജയിക്കാനും ലക്ഷ്യം കൈവരിക്കാനും സാധിക്കുക? അവിടന്ന് പറഞ്ഞു: ആദരണീയരായ സ്വഹാബിമാർ സൗജന്യമായിട്ടാണോ ഈ പദവിയിലെത്തിയത്? ഭൗതികമായ ബഹുമതികൾ കരസ്ഥമാക്കാൻ എത്രമാത്രം ചെലവുകളും ബുദ്ധിമുട്ടുകളും സഹിക്കേണ്ടതായിവരുന്നു. അതിനുശേഷമാണ് മനസ്സിനു തൃപ്തിയും സമാധാനവും നൽകാൻ പര്യാപ്തമല്ലാത്ത നിസ്സാരമായ ബഹുമതികൾപോലും കിട്ടുന്നത്. ലഭിക്കുന്ന ബഹുമതികളിൽ മനസ്സമാധാനം കിട്ടിക്കൊള്ളണമെന്നുമില്ല. പക്ഷേ, അതിനുവേണ്ടിയും മനുഷ്യൻ പ്രയത്നിക്കുന്നു. എന്നിരിക്കെ ചിന്തിക്കുവിൻ!സ്വഹാബാക്കൾക്ക് തൃപ്തിയും സമാധാനവും ദൈവാഭീഷ്ടവും നല്കുന്ന അടയാളമായ *റളിയല്ലാഹു അൻഹും* എന്ന ബഹുമതി വെറുതെയങ്ങ് കിട്ടിയതാണോ? ചുരുക്കത്തിൽ യഥാർഥ സന്തോഷത്തിന് നിദാനമായ ദൈവാഭീഷ്ടം താൽക്കാലികമായുണ്ടാകുന്ന പ്രയാസങ്ങൾ സഹിക്കാതെ കരസ്ഥമാകുന്നതല്ല. അല്ലാഹു വഞ്ചിക്കുന്നതല്ല. ദൈവാഭീഷ്ടം സ്വായത്തമാക്കുന്നതിനുവേണ്ടി പ്രയാസങ്ങളെ അവഗണിക്കുന്നവൻ അനുഗൃഹീതൻ!കാരണം ശാശ്വതമായ സന്തോഷവും സ്ഥായിയായസുഖവും താൽക്കാലികമായ ഈ

പ്രയാസങ്ങൾക്കുശേഷമാണ് മുഅ്മിന് ലഭിക്കുന്നത്.(മൽഫൂദാത്ത് വാല്യം 1, പേജ് 75-76, 1984 പതിപ്പ്)

അതിനാൽ, ധനം ചെലവഴിക്കുന്നതിനുള്ള ഈയൊരു തിരിച്ചറിവാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ദൈവികവചനത്തിന്റെ അടിസ്ഥാനത്തിൽ നമ്മലിലുണ്ടാക്കാനാഗ്രഹിക്കുന്നത്. ഇക്കാര്യങ്ങൾ മനസ്സിലാക്കി തന്റെ ധനം ദീനീ മാർഗത്തിൽ ചെലവഴിക്കുന്നതിന് സമർപിക്കാൻ കഴിയുന്നതും തങ്ങളുടെ അത്യാവശ്യങ്ങൾ മാറ്റിവച്ചുകൊണ്ട് തങ്ങളുടെ ധനം ദീനീപരമായ ആവശ്യങ്ങൾക്കുവേണ്ടി സമർപിക്കാൻ കഴിയുന്നതും ജമാഅത്തിനുമേലും ഓരോ അഹ്മദിയുടെമേലുമുള്ള അല്ലാഹുവിന്റെ ഔദാര്യമാകുന്നു. തങ്ങളുടെ അത്യാവശ്യങ്ങൾ മാറ്റിവച്ചുകൊണ്ട് ദീനീ ആവശ്യങ്ങൾക്കുവേണ്ടി ത്യാഗം ചെയ്യുന്ന ആയിരക്കണക്കിന് ഉദാഹരണങ്ങളുണ്ട്. ഇന്ന് പൊതുവിൽ ലോകത്തിന്റെ സാമ്പത്തികാവസ്ഥ വളരെ മോശമായിക്കൊണ്ടിരിക്കുന്നത് നമ്മൾ കാണുന്നു. മാത്രമല്ല എല്ലാ കാര്യങ്ങൾക്കും എളുപ്പവും ധാരാളിത്തവുമുണ്ടായിരുന്ന അവസ്ഥ വികസിത രാജ്യങ്ങളിൽപ്പോലും ഇല്ലാതായിരിക്കുന്നു. ഇപ്പോൾ ലോകത്തു നിലനിൽക്കുന്ന യുദ്ധാവസ്ഥയും റഷ്യൻ ഉക്രൈൻ യുദ്ധം നടക്കുന്നതും യൂറോപ്പിന്റെ അവസ്ഥകളേയും നല്ലവണ്ണം പോറലേൽപിച്ചിരിക്കുന്നു. ഏതായാലും വികസിതരാജ്യങ്ങളുടെ സമ്പത്തിലും വലിയ ആഘാതമാണുണ്ടാക്കിയിട്ടുള്ളത്. മാത്രമല്ല ഈ രാജ്യങ്ങളിലെ രാഷ്ട്രീയക്കാരുടെ അഴിമതിയും വളരെ മോശമായ അവസ്ഥയാണുണ്ടാക്കിയിട്ടുള്ളത്. ഇതൊക്കെയാണെങ്കിലും അഹ്മദികൾ തങ്ങളുടെ സാമ്പത്തിക ത്യാഗത്തിൽ മുന്നേറിക്കൊണ്ടേയിരിക്കുന്നു. ഒരു ഭൗതികനായ വ്യക്തിയുടെ വീക്ഷണത്തിൽ ഇക്കാര്യങ്ങൾ മനസ്സിലാക്കുക ദുഷ്കരമാണ്. എന്നാൽ, വിശ്വാസദാർഢ്യമുള്ളവർക്ക് ഈ ത്യാഗങ്ങളുടെ ഫലമായി അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണ് കാണാൻ കഴിയുന്നതെന്ന് അറിയാം.

നവംബറിലെ ആദ്യത്തെ ഖുത്ബയിൽ നിങ്ങൾക്കറിയാവുന്നതുപോലെ തഹ്‌രീക്കെ ജദീദിന്റെ നവവത്സര വിളംബരമാണ് ഉണ്ടാകാറുള്ളത്. അതുകൊണ്ട് തഹ്‌രീക്കെ ജദീദ് സംബന്ധിച്ച ചില സംഭവങ്ങൾ സമർപ്പിക്കാം.

ലാഹോർ ജില്ലയിലെ ലജ്ന സ്വദ്ർസാഹിബ എനിക്കെഴുതിയിരിക്കുന്നു: ഒരു മജ്‌ലിസിൽ എന്നോടു തഹ്‌രീക്കെജദീദിനെ സംബന്ധിച്ചുണർത്താൻ ആവശ്യപ്പെട്ടു. ഇതു ഇടത്തരം വരുമാനമുള്ളവരുടെ മജ്‌ലിസായിരുന്നു. അവരോടെന്ത് പറയുമെന്നോർത്ത് എനിക്ക് ലജ്ജയും അസ്വസ്ഥതയുമുണ്ടായിരുന്നു. ത്യാഗങ്ങൾ ചെയ്യുന്നവരാണ്. ഏതായാലും എന്നോടു പറഞ്ഞതുകൊണ്ട് എനിക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കേണ്ടതായിവന്നു. അവർ പറയുന്നു:എന്നാൽ, ഞാൻ അത്ഭുതപ്പെട്ടുപോയി. സ്ത്രീകൾ ആവേശത്തോടെ ത്യാഗങ്ങൾ സമർപിക്കുന്നതാണ് ഞാൻ കണ്ടത്! എനിക്ക് ലജ്ജ തോന്നാൻ കാരണമെന്തെന്നാൽ, ചെറിയ വരുമാനമുള്ളവർ ചെയ്യുന്ന ത്യാഗങ്ങളെപ്പറ്റി നമുക്ക് ചിന്തിക്കാൻപോലും കഴിയുകയില്ല. രൊക്കം പണമായും ആഭരണമായും അനേകം ലക്ഷങ്ങളാണ് അവർ സമർപ്പിച്ചത്. വക്കിലുൽമാൽ അവ്വലിന്റെ റിപ്പോർട്ടിൽ തങ്ങളുടെ ആഭരണങ്ങൾ ത്യാഗം ചെയ്ത ആ സ്ത്രീകളുടെ ദീർഘമായ ലിസ്റ്റാണുള്ളത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)തഹ്‌രീക്കെ ജദീദ് വിളംബരം ചെയ്തപ്പോൾ അതിൽപ്പറഞ്ഞ ആഹ്വാനങ്ങളിലൊന്ന് സ്ത്രീകളുടെ ത്യാഗങ്ങളുമായി ബന്ധപ്പെട്ടതാണ്. അതിൽ ആഭരണങ്ങളുണ്ടാക്കാതിരിക്കുകയോ അല്ലെങ്കിൽ കുറച്ചാഭരണങ്ങൾ മാത്രമുണ്ടാക്കുകയോ ചെയ്തുകൊണ്ട് ത്യാഗങ്ങൾ വരിക്കാൻ ആഹ്വാനം ചെയ്തിരുന്നു.

ആഭരണങ്ങളുണ്ടാക്കാതിരിക്കുക എന്നതിനെക്കാൾ വലിയ ത്യാഗമാണ് ഉണ്ടാക്കിയ ആഭരണങ്ങൾ ത്യാഗം ചെയ്യുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മുമ്പിലുള്ള ഒരു സാധനമെടുത്തു കൊടുക്കുക എന്നത് ഏറെ പ്രയാസകരമാണ്.

അങ്ങനെ അഹ്മദി സ്ത്രീകൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ആഹ്വാനത്തിന് എക്കാലത്തും ത്യാഗങ്ങൾ ചെയ്തുകൊണ്ടിരുന്നിട്ടുണ്ട്, ഇന്നും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. ഇതൊരു രാജ്യത്തുമാത്രമല്ല. പ്രത്യുത ഇവിടെ പാശ്ചാത്യ രാജ്യങ്ങളിലും തങ്ങളുടെ ആഭരണങ്ങളെടുത്തു നല്കുന്ന സ്ത്രീകളുണ്ട്. തങ്ങളുടെ മുഴുവൻ ആഭരണങ്ങളും ചന്ദയായി നല്കുന്നവരുമുണ്ട്. വീണ്ടും അവർ ആഭരണങ്ങളുണ്ടാക്കുന്നു. സമാധാനം കിട്ടാതെ അതും ചന്ദയായി നല്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: അനശ്വരവും സ്ഥായിയുമായ സന്തോഷം ത്യാഗങ്ങൾ കൂടാതെ കരസ്ഥമാക്കാൻ സാധിക്കുകയില്ല.

അതുപോലെ ദരിദ്രരായ ആളുകൾ തങ്ങളുടെ വിശപ്പ് അവഗണിച്ചുകൊണ്ടാണ് ചന്ദ നല്കുന്നത്. ഒട്ടനവധിയാളുകളെ അല്ലാഹു ഉടൻതന്നെ അനുഗ്രഹിക്കുന്നുമുണ്ട്. അവർ നല്കിയ ചന്ദയെക്കാളുമധികമായി അവൻ നല്കുന്ന മാർഗങ്ങൾ കാണുമ്പോൾ അവർ സ്വയം അത്ഭുതപ്പെട്ടുപോകുകയാണ്. അത്തരം ചിലയാളുകളുടെ സംഭവങ്ങൾ ഞാനിവിടെ വിവരിക്കുന്നതാണ്. അതോടൊപ്പം ധനാഢ്യരായ ആളുകളോടും ഞാൻ പറയട്ടെ, അവരും ഇതിൽനിന്ന് പാഠമുൾക്കൊള്ളേണ്ടതാണ്. തങ്ങളുടെ ത്യാഗനിലവാരമുയർത്തേണ്ടതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)തന്റെ ഒരു ഖുത്ബയിൽ പറയുന്നു:ദരിദ്രരായ ആളുകളിൽ തങ്ങളുടെ മാസവരുമാനത്തിന്റെ 45% വരെ നല്കുന്നവരുണ്ട്. അവരുടെ നിത്യേനയുള്ള ഭക്ഷണത്തെ അടിസ്ഥാനപ്പെടുത്തി അതനുസരിച്ച് ചന്ദയുടെ ആവശ്യത്തിന് നൽകുന്ന തുക നോക്കുകയാണെങ്കിൽ ധനാഢ്യരായ ആളുകൾ കേവലം 1.5% മാത്രമെ നല്കുന്നുള്ളൂ. 100% കൊടുക്കുന്നവരുമുണ്ട്. ധനാഢ്യരായ ആളുകളിൽ ഒരുപക്ഷേ, 1% കൊടുക്കുന്നുണ്ടാകും. ധനാഢ്യരായ ആളുകളുടെ മൊത്തം തുകയെക്കാൾ എത്രയോ കുറവായിരുക്കുമത്. പക്ഷേ, ത്യാഗത്തിന്റെ നിലവാരം വളരെ ഉയർന്നതായിരിക്കും. ഈ നിലയ്ക്ക് സാമ്പത്തികഭദ്രതയുള്ളവർ തങ്ങളുടെ നിലവാരത്തെ പറ്റി കണക്കെടുപ്പ് നടത്തേണ്ടതാണ്. ഓർക്കുക! അല്ലാഹു ഒന്നുംതന്നെ കടമായി വെക്കാറില്ല. മറ്റൊരിടത്ത് അല്ലാഹു പറയുന്നു: 700 ഇരട്ടിയോ അതിലധികമോ നല്കുന്നതാണ്.

ഏതായാലും ത്യാഗം ചെയ്യുന്നവരുടെ ഏതാനും ഉദാഹരണങ്ങൾ ഞാൻ കേൾപ്പിക്കുന്നതാണ്. അവരുടെ ത്യാഗത്തിന്റേയും വിശ്വാസത്തിന്റേയും ആവേശത്തോടൊപ്പം അവർക്കുമേൽ ഉടനടി ഉണ്ടാകുന്ന അനുഗ്രഹങ്ങളും നമുക്കതിൽ കാണാൻ കഴിയുന്നതാണ്.

ഗിനി-ബിസോ ഒരു ആഫ്രിക്കൻ രാജ്യമാണ്. അവിടെയുള്ള മോട്ടോർസൈക്കിൾ മെക്കാനിക് മഹ്മൂദ് സാഹിബിനോടു മിഷണറി സാഹിബ് തഹ്‌രീക്കെ ജദീദ് ചന്ദയെപ്പറ്റി ഉണർത്തുകയുണ്ടായി. ഉടനെ അദ്ദേഹം കീശയിൽ കൈയിട്ട് അതിലുള്ളതു മുഴുവൻ പുറത്തെടുത്തു. അത് 10000 ഫ്രാങ്ക് സിഎഫ്എ ഉണ്ടായിരുന്നു. അപ്പോൾത്തന്നെ അദ്ദേഹത്തിന്റെ മകന്റെ ഭാര്യവന്ന് വീട്ടിൽ ഭക്ഷണമുണ്ടാക്കാൻ പണം ചോദിച്ചു. മഹ്മൂദ് സാഹിബ് മുഴുവൻ തുകയും തഹ്‌രീക്കെ ജദീദിൽ കൊടുക്കാൻ നിയ്യത്തു ചെയ്തിരുന്നു. അങ്ങനെ അതുമുഴുവൻ ചന്ദയിൽ കൊടുക്കുകയും ചെയ്തു. എന്നിട്ട് മരുമകളോടു സ്വബ്ർ ചെയ്യാൻ പറഞ്ഞു. അവർ തിരിച്ച് വീട്ടിൽ പോകുകയും ചെയ്തു. മഹ്മൂദ് ജർഗ സാഹിബ് പറയുന്നു: മരുമകൾക്ക് ചെലവിനെന്തുകൊടുക്കുമെന്ന് ആലോചിച്ചു നിൽക്കുമ്പോൾ ഒരു സർക്കാർ ഓഫീസിൽനിന്ന് അദ്ദേഹത്തോടു ഓഫീസിലെത്താൻ ഫോൺവന്നു. അവിടെ എത്തിയപ്പോൾ അധികൃതർ പറഞ്ഞു:കഴിഞ്ഞവർഷം താങ്കൾ ഞങ്ങളുടെ മോട്ടർ സൈക്കിളുകൾ നന്നാക്കിത്തന്നിരുന്നു. അതിന്റെ പണം ഞങ്ങൾ തന്നിട്ടില്ല. അങ്ങനെ അദ്ദേഹത്തിന് ഒരു ലക്ഷത്തിതൊണ്ണൂറായിരും ഫ്രാങ്ക് സിഎഫ്എയുടെ ചെക്ക് അവർ നല്കുകയുണ്ടായി. ചെക്ക് കൈപ്പറ്റിയശേഷം മഹ്മൂദ് സാഹിബ് ഉടൻത്തന്നെ വീട്ടിലെത്തി, മരുമകളേയും മറ്റു വീട്ടുകാരേയും വിളിച്ചുവരുത്തി പറഞ്ഞു:അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതിന്റെ അനുഗ്രഹങ്ങൾ നോക്കൂ! ഞാൻ പ്രതീക്ഷിച്ചിട്ടുപോലുമില്ലാത്ത തുക എന്റെ റബ്ബ് എനിക്കു തന്നിരിക്കുന്നു.

ഫിജിയിലെ മുബല്ലിഗ് എഴുതുന്നു:നാൻദി എന്ന സ്ഥലത്തുള്ള ഒരു സ്നേഹിതനാണ് അശ്ഫാഖ് സാഹിബ്. അദ്ദേഹം പറയുന്നു:യാത്രക്കിടയിൽ അദ്ദേഹം തഹ്‌രീക്കെ ജദീദ് സംബന്ധിച്ച എന്റെ കഴിഞ്ഞ വർഷത്തെ ഖുത്ബ കേൾക്കുകയുണ്ടായി. അതിൽ ഞാൻ സംഭവങ്ങൾ വിവരിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: ആ സംഭവങ്ങൾ അദ്ദേഹത്തെ വല്ലാതെ സ്വാധീനിച്ചു. യാത്രക്കിടയിൽ വണ്ടി ഓടിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ തഹ്‌രീക്കെ ജദീദ് സെക്രട്ടറിയെ ഫോണിൽ വിളിച്ചു തന്റെ തഹ്‌രീക്കെ ജദീദ് ചന്ദ ഇരട്ടിയാക്കാൻ പറഞ്ഞു. ഇദ്ദേഹം ബിസിനസാണ് ചെയ്തിരുന്നത്. ബിസിനസിന്റെ വാർഷിക റിപ്പോർട്ട് തയ്യാറായപ്പോൾ നടപ്പുവർഷം ഇരട്ടി ലാഭമുണ്ടായിരുന്നു. അദ്ദേഹം പറയുന്നു:ഈ ഇരട്ടി ലാഭം ഞങ്ങളുടെ അധ്വാനവും പരിശ്രമവും കൊണ്ടു കിട്ടിയതല്ല. പ്രത്യുത ചന്ദ ഇരട്ടിയാക്കിയതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ കിട്ടിയതാണെന്ന് ഞാനുറച്ചു വിശ്വസിക്കുന്നു.

മോസ്കോയിലെ മുബല്ലിഗ് എഴുതുന്നു: റസ്‌ലാൻ കികിയൂ സാഹിബ് കിർഗിസ്ഥാൻ കാരനാണ്. 14 വർഷമായി ഇദ്ദേഹം മോസ്കോയിലാണ് താമസിക്കുന്നത്. ഇദ്ദേഹം ധനത്യാഗത്തിലേക്ക് ശ്രദ്ധിച്ചിരുന്നു. ഏകദേശം ഒരു വർഷം മുമ്പേ ധനത്യാഗത്തെപ്പറ്റിയുള്ള എന്റെ ഖുത്ബ കേട്ടപ്പോൾ അദ്ദേഹത്തിനത് നല്ല ഹൃദ്യമായി അനുഭവപ്പെട്ടു. അദ്ദേഹം പറയുന്നു:ഞാനും ത്യാഗങ്ങൾ ചെയ്യുന്നവരിൽ ഉൾപ്പെടുകയാണെന്ന് തീരുമാനിച്ചു. ഒരു ഉപേക്ഷയും വരുത്താതെ നിത്യേന വരുമാനത്തിന്റെ 10% ചന്ദയായി അയക്കാൻ തുടങ്ങി;കുറച്ചു സ്വദഖയായും കുറച്ച് ചന്ദയായും! അദ്ദേഹം പറയുന്നു, ഒരു വർഷമായി അദ്ദേഹം ഇതേ രീതിയാണ് തുടർന്നുവരുന്നത്. മുബല്ലിഗിന് മറ്റൊരു സ്ഥലത്ത് മാറ്റമായി. കിർഗിസ്ഥാനിലെ ഈ റഷ്യൻ സ്വഭാവമുള്ള സ്നേഹിതന് ചന്ദ ഇതുവരെ കൊടുത്തിരുന്നതുപോലെ തന്നെ തുടർന്നും തനിക്ക് കൊടുക്കാൻ കഴിയുമോ എന്ന ആശങ്കയുണ്ടായിരുന്നു. ചന്ദകൊടുക്കാനുള്ള ഈയൊരു ചിന്തയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)അവരിലുണ്ടാക്കിയ വിപ്ലവം.

ടാൻസാനിയായിലെ അമീർ സാഹിബ് എഴുതുന്നു: അവിടുത്തെ ഒരു ജമാഅത്തിലെ അംഗമാണ് മുഹമ്മദു ഥാനീ സാഹിബ്. ജോലി ചെയ്യുന്നതിന്നിടയിൽ അദ്ദേഹം ജോലി ചെയ്തിരുന്ന കമ്പനിക്ക് നഷ്ടമുണ്ടായി. അതേ തുടർന്ന് കമ്പനിയുടമ എല്ലാ തൊഴിലാളികളുടേയും ശമ്പളം വെട്ടികുറയ്ക്കുമെന്ന് വിളംബരം ചെയ്തു. അതിൽ അദ്ദേഹത്തിന് വലിയ പ്രയാസമുണ്ടായി. തഹ്

രീക്കെ ജദീദ് ചന്ദ കൊടുക്കാനുള്ള അവസാന മാസമായിരുന്നു. മുഅല്ലിം അദ്ദേഹത്തെ ബന്ധപ്പെട്ടപ്പോൾ തന്റെ പ്രയാസങ്ങൾ അദ്ദേഹം പറയുകയുണ്ടായി. അങ്ങനെയല്ല പ്രയാസങ്ങളെപ്പറ്റി പറഞ്ഞതുപോലുമില്ല. പ്രത്യുത അല്ലാഹുവിൽ ഭരമേല്പിച്ചുകൊണ്ട് തന്റെ മുഴുവൻ വാഗ്ദാനവും കൊടുത്തുവീട്ടി. അദ്ദേഹം പറയുന്നു:അടുത്ത ദിവസം കമ്പനിയുടമയുടെ ഫോൺകോൾ വന്നു. അദ്ദേഹത്തിന് ശമ്പളം വെട്ടിച്ചുരുക്കിയിട്ടില്ല. മറ്റുള്ളവരുടെ ശമ്പളത്തിൽ കുറവുണ്ടായി. പക്ഷേ, ഇദ്ദേഹത്തിന് മുഴുവൻ തുകയും കിട്ടി. അദ്ദേഹം പറയുന്നു: ഇതുഞാൻ തഹ്റീക്കെ ജദീദ് ചന്ദ യഥാസമയം കൊടുത്തതിന്റെ അനുഗ്രഹമായിരുന്നു.

മലാവി ഒരു രാജ്യമാണ്. അവിടെ മങ്കോച്ചി ജില്ലയുമായി ബന്ധമുള്ള ഒരു പ്രായം ചെന്ന സ്ത്രീയുണ്ട്. കൃഷിപ്പണിച്ചെയ്ത് ഉപജീവനം കഴിക്കുന്നവരാണ്. അവർ തഹ്റീക്കെ ജദീദ് ചന്ദ എഴുതിച്ചിരുന്നു. പക്ഷേ, കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. വർഷാവസാനം വാഗ്ദാനം ഇനിയും കൊടുത്തുവീട്ടാനുള്ളവർ എത്രയും വേഗം കൊടുക്കുകയെന്ന് ഓർമപ്പെടുത്തുകയുണ്ടായി. പറയുന്നു: അവർ വളരെ പ്രയാസപ്പെട്ട് ജോലി ചെയ്യുകയും മാത്രമല്ല ജോലികിട്ടുകയാണെങ്കിൽ വരുമാനംകൊണ്ട് വാഗ്ദാനം പൂർത്തിയാക്കുമെന്ന് ദുആയും ചെയ്തിരുന്നു. ഒരുപാട് ശ്രമിച്ചെങ്കിലും ജോലിയൊന്നും കിട്ടിയില്ല. ഒരു ദിവസം അവർ അസ്വ്ർ നമസ്കാരം കഴിഞ്ഞ് മസ്ജിദിൽനിന്ന് വീട്ടിലെത്തിയപ്പോൾ അവരുടെ പേരക്കുട്ടി അവർക്ക് 45000 ക്വാച്ച(ഇതു ഇവിടുത്തെ നാണയമാണ്)ഉപഹാരമായി അയച്ചിട്ടുണ്ടെന്ന് അറിഞ്ഞു. അവരുടെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. അവർ ഉടൻതന്നെ മുഅല്ലിം സാഹിബിന്റെ അടുത്തെത്തി തന്റെ വാഗ്ദാനമനുസരിച്ച് ചന്ദ കൊടുത്തു. മാത്രമല്ല തന്റെ വാഗ്ദാനം പൂർത്തിയാക്കാൻ കഴിഞ്ഞതിൽ കൂടെക്കൂടെ അല്ലാഹുവിന് ശുക്ർ ചെയ്യുന്നുമുണ്ടായിരുന്നു. ഇവിടെ ദരിദ്രരായവരും ഓർമയോടുകൂടി തങ്ങളുടെ ചന്ദ കൊടുത്തുവീട്ടുന്നു.

ടാൻസാനിയായിലെ അമീർ സാഹിബ് എഴുതുന്നു: അവിടുത്തെ ശിയാങ്ക എന്ന സ്ഥലത്തെ ജമാഅത്തിൽ മർയം സാഹിബയുണ്ട്. അവർ പറയുന്നു: എനിക്ക് മുഅല്ലിം സാഹിബിന്റെ ഫോൺവന്നു. അദ്ദേഹം തഹ്റീക്കെ ജദീദ് ചന്ദയെ കുറിച്ച് ഓർമിപ്പിച്ചു. ആ നേരത്ത് വീട്ടാവശ്യത്തിനുള്ള 10,000 ഷില്ലിംഗ് മാത്രമെ എന്റെ കൈയിലുണ്ടായിരുന്നുള്ളു. അതു ഞാൻ ചന്ദ കൊടുത്തു. പിന്നീട് അല്ലാഹു ചെയ്തതെന്താണെന്നാൽ ആ ദിവസംതന്നെ ഒരു ലക്ഷം ഷില്ലിംഗ് ആക്കി അതെനിക്ക് തിരികെ ത്തന്നു. അവർ പറയുന്നു, ഇതെല്ലാം ചന്ദയുടെ ബർക്കത്ത് മാത്രമാണ്.

ഗിനി-ബിസോയിലുള്ള ഒരു നവ അഹ്മദിയാണ് ഉഥ്മാൻ സാഹിബ്. ജീവിതത്തിൽ അദ്ദേഹത്തിന് നിരവധി സാമ്പത്തിക പ്രശ്നങ്ങളുണ്ടായിരുന്നു. ഏതുജോലിചെയ്താലും വിജയിക്കുമായിരുന്നില്ല. ഈ അസ്വസ്ഥതയോടെ അദ്ദേഹം രാത്രി ഉറങ്ങുകയായിരുന്നു. അദ്ദേഹം പറയുന്നു, ഞാനൊരു അശ്രീരി കേട്ടു. പറയുകയാണ്, ഉഥ്മാനേ! ചന്ദ കൃത്യമായി കൊടുക്കുക! രാവിലെതന്നെ ഉഥ്മാൻ സാഹിബ് മിഷണറി സാഹിബിന്റെ അടുക്കലെത്തി. താൻ കണ്ട സ്വപ്നം കേൾപ്പിച്ചു. അപ്പോൾ മിഷണറി സാഹിബ് അദ്ദേഹത്തോടു തഹ്റീക്കെ ജദീദ് ചന്ദയും മറ്റു ചന്ദകളും പറഞ്ഞുകൊടുത്തു. അപ്പോൾ ഉഥ്മാൻ സാഹിബ് ഉടൻതന്നെ തഹ്റീക്കെ ജദീദ് ചന്ദ കൊടുക്കുകയും താൻകൊടുക്കാനുള്ള ചന്ദകളുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. എന്നല്ല കൃത്യമായി തന്റെ ചന്ദകൾ കൊടുക്കാനും തുടങ്ങി. ഉഥ്മാൻ സാഹിബ് പറയുന്നു:സകല ചന്ദകളും കൃത്യമായി കൊടുക്കാൻ തുടങ്ങിയതുമുതൽ അല്ലാഹു അദ്ദേഹത്തിന്റെ കച്ചവടത്തിലും അനുഗ്രഹങ്ങൾ നൽകാൻ തുടങ്ങി. വീട്ടിലെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു. ഇതെല്ലാം തഹ്റീക്കെ ജദീദ് ചന്ദയുടേയും മറ്റു ചന്ദകളുടേയും അനുഗ്രഹമാണെന്ന് അദ്ദേഹം ഉറച്ചുവിശ്വസിക്കുന്നു. നവ അഹ്മദികളേയും എങ്ങനെയാണ് അല്ലാഹു ഓർമപ്പെടുത്തുന്നതെന്ന് നോക്കുക. അല്ലാഹുവിന് ഇതിന്റെയൊന്നും ആവശ്യമില്ല. പ്രത്യുത അനുഗ്രഹിക്കാൻവേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്.

ഓസ്ട്രേലിയായിലെ മുബല്ലിഗ് കാമ്റാൻ സാഹിബ് പറയുന്നു:ഇവിടെ ഒരു ഖാദിം 10 വർഷമായി ചന്ദ കൊടുക്കുന്നുണ്ടായിരുന്നില്ല. ഞാൻ അദ്ദേഹത്തിന്റെ അടുക്കലിരുന്ന് ചന്ദയുടെ അനുഗ്രഹങ്ങളെപ്പറ്റി പറഞ്ഞു കൊടുത്തപ്പോൾ ചന്ദ കൊടുക്കാൻ തുടങ്ങി. അതോടൊപ്പം തഹ്റീക്കെ ജദീദ് വഖ്ഫു ജദീദ് ചന്ദകളും കൊടുത്തു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഫോൺ വന്നു. അദ്ദേഹം പറഞ്ഞു: എനിക്ക് ജോലിയിൽ പ്രമോഷൻ കിട്ടിയിരിക്കുന്നു. അതേ കുറിച്ച് എനിക്ക് പ്രതീക്ഷപോലുമുണ്ടായിരുന്നില്ല. ഇതു അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചതുകൊണ്ടുമാത്രമാണ് ലഭിച്ചത്. 10 വർഷമായി അലസനായിരുന്ന അദ്ദേഹം പറയുന്നു:ഇനി ഞാനൊരിക്കലും ചന്ദയുടെ കാര്യത്തിൽ അലസത കാണിക്കുന്നതല്ല.

ഗാംബിയായിലെ ഗ്രാമമായ നയാമീനയിൽ ഉഥ്മാൻ സാഹിബ് എന്ന ഒരു സഹോദരനുണ്ട്. തഹ്റീക്കെ ജദീദ് സെക്രട്ടറി ചന്ദ കൊടുക്കാനാഹ്വാനം ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ ഗ്രാമത്തിലെത്തിപ്പറഞ്ഞു: ഇതു സാമ്പത്തികാഹ്വാനം മാത്രമല്ല. പ്രത്യുത ഇതിന്റെ ലക്ഷ്യങ്ങളിൽ വിജ്ഞാനം വർധിപ്പിക്കുന്നതും തബ്ലീഗും പെടുന്നു. നിങ്ങൾ തഹ്റീക്കെജദീദിൽ ഉൾപ്പെട്ടവരാണെങ്കിൽ ചന്ദ കൊടുത്താൽ മാത്രംമതിയെന്ന് കരുതരുത്. അതു കൊടുക്കുന്നതോടൊപ്പം തങ്ങളുടെ അറിവ് വർധിപ്പിക്കുകയും പിന്നീട് തബ്ലീഗ് രംഗത്തിറങ്ങുകയും ചെയ്യേണ്ടത് അനിവാര്യമാകുന്നു. കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ ഖുദ്ദാമുൽ അഹ്മദിയ്യായിൽനിന്നും അൻസ്വാറിൽനിന്നുമുള്ള ജമാഅത്തംഗങ്ങൾ വളരെ മുന്നേറുന്നതിനുവേണ്ടി പ്രതിജ്ഞ ചെയ്യിച്ചിരുന്നു. വെറും സാമ്പത്തിക ത്യാഗം ചെയ്തതുകൊണ്ടുമാത്രം കടമകൾ നിറവേറ്റി എന്നു കരുതരുത്. തഹ്റീക്കെ ജദീദിന്റെ വലിയൊരു ലക്ഷ്യം തബ്ലീഗുമാണ്. ഈയൊരു വലിയ ലക്ഷ്യത്തിനുവേണ്ടിയാണ് ഇതാരംഭിച്ചത്. അദ്ദേഹം പറയുന്നു: ഇക്കാര്യങ്ങൾ എന്നെ നല്ലവണ്ണം ആകർഷിച്ചു. അദ്ദേഹം തഹ്റീക്കെ ജദീദിനെപ്പറ്റി അറിഞ്ഞപ്പോൾ ബയ്അത്തു ചെയ്ത് ജമാഅത്തിൽ ചേരാൻ തീരുമാനിച്ചു. 150 ഡലാസി തഹ്റീക്കെ ജദീദ് ചന്ദ വാഗ്ദാനം നല്കുകയും അത് അടച്ചു തീർക്കുകയും ചെയ്തു. പറയുന്നു: ചന്ദ കൊടുത്തതിനുശേഷം തന്റെയുള്ളിൽ ഒരു മാറ്റം അനുഭവപ്പെടുന്നു. ഞാൻ അനഹ്മദികൾക്ക് അഹ്മദിയ്യത്തിനെപ്പറ്റി തബ്ലീഗ് ചെയ്തുകൊണ്ടിരിക്കുകയും മുടങ്ങാതെ ചന്ദ നല്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ഗാംബിയായിൽനിന്നുതന്നെ ഒരു സ്ത്രീ എഴുതുന്നു:ചന്ദ കൊടുക്കാൻ തുടങ്ങിയതുമുതൽ എന്നിലും മക്കളിലും ഒരു മാറ്റമുണ്ടാതായി അനുഭവപ്പെടുന്നു. അല്ലാഹു ഞങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിച്ചുതരുന്നു. അല്ലാഹുവിനെ ലാക്കാക്കി അവന്റെ മാർഗത്തിൽ നന്മയും ത്യാഗവും ചെയ്യുന്നത് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശിയാക്കിത്തീർക്കുന്നു.

ഒരു ആഫ്രിക്കൻ രാജ്യമാണ് ഗിനികൊണാക്രി. അവിടുത്തെ ലോക്കൽ മിഷണറി കുമാരാ സാഹിബ് പറയുന്നു: അവിടെ ഒരു ഗ്രാമത്തിൽ അദ്ദേഹം നിയമിതനാണ്. ചന്ദ പിരിക്കാൻ പോയപ്പോൾ ഒരു നവ അഹ്മദി ഇമാമിന്റെ ഭാര്യയോടു ചന്ദ കൊടുക്കുന്നതിനെപറ്റി പറഞ്ഞു. അപ്പോൾ അവർ 5000 ഗിനി എടുത്ത് ആകാശത്തേക്ക് കൈയുയർത്തിക്കൊണ്ടു പറഞ്ഞു:□അല്ലാഹുവേ എന്റെ കൈയിൽ ഈ തുക മാത്രമെയുള്ളു. അതു ഞാൻ നിന്റെ മാർഗത്തിൽ നല്കുകയാണ്. അതു സ്വീകരിക്കേണമേ! അങ്ങനെ ആ തുക ചന്ദ നല്കി. ആഫ്രിക്കയിലെ വിദൂരദേശത്തു വസിക്കുന്ന നവ അഹ്മദി സ്ത്രീയാണ്. ലോക്കൽ മിഷണറി സാഹിബ് പറയുന്നു:ഞാൻ ഗ്രാമത്തിലെ പര്യടനത്തിനുശേഷം തിരിച്ചെത്തിയപ്പോൾ 5000 ഫ്രാങ്ക് ഗിനി ചന്ദ കൊടുത്ത സ്ത്രീ സന്തോഷത്തോടെ പറഞ്ഞു:ഇന്ന് ഞാൻ അല്ലാഹുവുമായി ചെയ്ത കച്ചവടം നല്ല ലാഭത്തിലായി. അവർ പറയുന്നു:താങ്കൾ പോയ ശേഷം അല്ലാഹു ഒരു കുടുംബക്കാരൻ മുഖേന 80,000 ഫ്രാങ്ക് ഗിനി അയച്ചുതരികയുണ്ടായി. അതെന്റെ ത്യാഗത്തെക്കാളും എത്രയോ അധികമാകുന്നു.

ഗിനികൊണാക്രിയിൽനിന്നുതന്നെയുള്ള ലോക്കൽ മിഷണറി ജാലു സാഹിബ് പറയുന്നു: തഹ്റീക്കെ ജദീദ് ദശദിന പരിപാടിയിൽ മുഅല്ലിം സാഹിബ് കോൻതായ എന്ന ഗ്രാമത്തിൽ ചന്ദ പിരിക്കാനെത്തി. ഒരു നവഅഹ്മദിയായ ശേഖു സാഹിബ് 30,000 ഫ്രാങ്ക്ഗിനി തഹ്റീക്കെ ജദീദ് ചന്ദ കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നു. അദ്ദേഹത്തോടു ചന്ദ കൊടുക്കാൻ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ കൈയിൽ വീട്ടുചെലവിനുള്ള 30,000 മാത്രമെയുള്ളു. എന്നാൽ, ഞാനത് അല്ലാഹുവിന്റെ മാർഗത്തിൽ കൊടുക്കുകയാണ്. അത് നിങ്ങൾ സ്വീകരിക്കുക. അടുത്ത ദിവസം വളരെ ആദരപൂർവം അദ്ദേഹത്തിന്റെ ഫോൺകാൾ വന്നു. പറയുന്നു:അല്ലാഹു എന്റെ ത്യാഗം സ്വീകരിച്ചിരിക്കുന്നു. ചന്ദ കൊടുത്ത് ഏതാനും മണിക്കൂറുകൾക്കുള്ളിൽ എന്റെ മകൻ മൂന്നുലക്ഷം ഫ്രാങ്ക്ഗിനി വീട്ടു ചെലവുകൾക്ക് അയച്ചുതന്നിരിക്കുന്നു. അദ്ദേഹം പറയുന്നു: അല്ലാഹു എന്റെ ഈമാൻ ഈ സംഭവത്തിനുശേഷം സു

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**

**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

താലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

താലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

ദൃഢമാക്കിയിരിക്കുന്നു. ജമാഅത്ത് നമ്മളിൽനിന്നു വാങ്ങുന്ന ചന്ദ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കപ്പെടുന്നു.ഞാൻ ഇനി ഇതേനിലയിൽ ത്യാഗം ചെയ്തുകൊണ്ടിരിക്കുന്നതാണ്. അല്ലാഹു അനുഗ്രഹിച്ചത് ശരിയായ നിലയിൽ ചെലവഴിക്കപ്പെടുന്നുവെന്നതിൽ അദ്ദേഹം തൃപ്തനായി, പണം നഷ്ടപ്പെട്ടില്ല.

ഖസാഖ്സ്താനിൽനിന്നുള്ള ഒരു സ്നേഹിതനാണ് ബായേഗാ മയ്തോഫി സാഹിബ്. ചന്ദകളിൽ മുടങ്ങാതെ പങ്കെടുക്കുന്നു. പറയുന്നു ജൂൺ മാസത്തിൽ എന്നെ ജോലിയിൽനിന്ന് പിരിച്ചുവിട്ടു. എനിക്ക് കിട്ടാനുള്ള ശമ്പളമെല്ലാം ഉടമസ്ഥർ നല്കുകയും ചെയ്തു. അദ്ദേഹം പറയുന്നു, ഇപ്പോൾ ഞാൻ പെൻഷൻകാരനാണ്. ജോലിയിൽനിന്ന് പുറത്താക്കിയതിന് കുറച്ചുമാസം കഴിഞ്ഞ് എനിക്ക് കുറച്ചുരോഗങ്ങളുള്ളതിനാൽ വിലപിടിപ്പുള്ള മരുന്നുകളും മറ്റു അത്യാവശ്യസാധനങ്ങളും വാങ്ങേണ്ടിവന്നു. പക്ഷേ, സാമ്പത്തികശേഷിയില്ലാത്ത കാരണത്താൽ വളരെ ബുദ്ധിമുട്ടിലായിരുന്നു. അടുത്ത ദിവസം ഇടവഴിയിലൂടെ നടന്നുപോകുമ്പോൾ എന്റെ ക്രിഡിറ്റ് കാർഡ് പരിശോധിക്കാമെന്ന് തോന്നി. എന്റെ ക്രിഡിറ്റ് കാർഡ് കാലിയായിരിക്കുമെന്ന് എനിക്കു തോന്നി. അതിലൊന്നുംതന്നെ ഉണ്ടാകുകയില്ല. പൈസയില്ലെന്ന് തോന്നിയെങ്കിലും ഒന്നുകൂടെ ചെക് ചെയ്യാമെന്ന് കരുതി. ഞാൻ ചെക് ചെയ്തപ്പോൾ എന്റെ അത്ഭുതത്തിന് അതിരുണ്ടായിരുന്നില്ല. കാരണം കാർഡിൽ 1,90,000 തദ്ദേശ കറൻസി ഉണ്ടായിരുന്നു. ഞാൻ അത്ഭുതപ്പെട്ടുകൊണ്ടിരുന്നു. അല്ലാഹുവിന് അതിരറ്റേ ശുക്ർ ചെയ്തുകൊണ്ടുംമിരുന്നു. തുക ഒരു കാരണവും പറയാതെ ഞാൻ രാജിവെച്ചുവന്ന ആ കമ്പനിക്കാർ എന്റെ അക്കൗണ്ടിലേക്ക് ട്രാൻസഫർ ചെയ്തതാണ്. അദ്ദേഹം പറയുന്നു, ഞാൻ കമ്പനിയിലേക്ക് ഫോൺ ചെയ്തു. കാരണം ചോദിച്ചപ്പോൾ കമ്പനി ഉടമ ഇദ്ദേഹത്തിന്റെ സത്യസന്ധതയും വിശ്വസ്തതയും കാരണത്താൽ പാരിതോഷികമായി അയച്ച തുകയാണതെന്ന് മനസ്സിലായി. അദ്ദേഹം പറയുന്നു, ഇതെല്ലാം തഹ്രീക്കെ ജദീദ് ചന്ദയും വഖ്ഫുജദീദു ചന്ദയും മുടങ്ങാതെ കൊടുത്തതിന്റെ ഫലമാണ്.

മലേഷ്യയിൽനിന്നുള്ള ഭക്റാ സാഹിബ് പറയുന്നു:ഇതെന്റെ വ്യക്തിപരമായ അനുഭവമാണ്. ഞാൻ 20-6-2017ന് തഹ്രീക്കെ ജദീദിൽ 1000 റിംഗിറ്റ് വാഗ്ദാനം ചെയ്തിരുന്നു. അതിന്നിടയിൽ എന്റെ സാമ്പത്തികാവസ്ഥ മോശമായതുകൊണ്ട് തുക കൊടുക്കാൻ കഴിഞ്ഞില്ല. ആ സമയത്ത് നല്ല ഞെരുക്കമായിരുന്നു. എന്റെ കച്ചവടം താറുമാറായിക്കൊണ്ടിരുന്നു. ഞാൻ വല്ലാതെ അസ്വസ്ഥനായി. വാഗ്ദാനം നിറവേറ്റാൻ കഴിയുമെന്ന് പ്രതീക്ഷയുണ്ടായിരുന്നു. എന്നാൽ, എനിക്ക് പണം സംഘടിപ്പിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. ഞാൻ അല്ലാഹുവിനോടു ദുആ ചെയ്തുകൊണ്ടിരുന്നു. എന്റെ നിയ്യത്ത് സത്യസന്ധവും ജമാഅത്ത് സത്യവുമാണെങ്കിൽ തീർച്ചയായും അല്ലാഹു എളുപ്പമുണ്ടാക്കുമെന്ന് ഉറപ്പിച്ചിരുന്നു. വാഗ്ദാനം ചെയ്തത് വീട്ടേണ്ടതിന് ഒരു ദിവസം മുമ്പേ അവിചാരിതമായി കച്ചവടത്തിൽനിന്ന് വരുമാനമുണ്ടായി.തുക തികച്ചും ആയിരം റിംഗിറ്റായിരുന്നു. ഞാൻ മറ്റൊന്നും ചിന്തിക്കാതെ മാൽസെക്രട്ടറിയുടെ വീട്ടിലെത്തി. അദ്ദേഹത്തിന് ആയിരം റിംഗിറ്റ് നല്കി. നമ്മുടെ നിയ്യത്തുകൾ ജമാഅത്തിനും ഇസ്ലാമിനുംവേണ്ടി ആത്മാർഥതയുള്ളതാണെങ്കിൽ അല്ലാഹു തീർച്ചയായും അനിതരസാധാരണമായ നിലയിൽ എളുപ്പമുണ്ടാക്കുമെന്ന് ഈ സംഭവം കഴിഞ്ഞ് എനിക്ക് ദൃഢബോധ്യമായി.

ചുരുക്കത്തിൽ ഈ ചന്ദയാണ് ലോകത്ത് എല്ലാ രാജ്യങ്ങളിലുമുള്ള അഹ്മദികൾക്കുമുള്ളത്. വാസ്തവത്തിൽ അവർക്കിടയിൽ ആയിരക്കണക്കിന് മൈൽ ദൂരമുണ്ട്. എന്നാൽ, ഇങ്ങനെ ഈമാൻ ദൃഢഗാഢമാക്കുന്നു. ജമാഅത്തിന്റെ സത്യതയും അവർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നു. വിശ്വാസത്തിലും ശക്തി പകരുന്നു.

ജർമനിയിലെ ഒരു സ്നേഹിതൻ പറയുന്നു:എന്റെ ഫാമിൽ സാമ്പത്തികാവസ്ഥ മോശമായതുകൊണ്ട് ജോലിദിനങ്ങൾ കുറഞ്ഞു. അതുകൊണ്ട് എന്റെ വരുമാനവും കുറയുകയുണ്ടായി. തഹ്രീക്കെ ജദീദ് സെമിനാർ ദിവസം വിശ്വാസ വർധക സംഭവങ്ങൾ കേട്ടപ്പോൾ ഞാൻ മനസ്സിൽ അല്ലാഹുവിനോട് അഞ്ഞൂറ് യൂറോ അധികമായി നൽകാമെന്ന് വാഗ്ദാനം ചെയ്തു. അദ്ദേഹം പറയുന്നു. ഇതിന് അദ്ദേഹം ദുആക്കുവേണ്ടി എനിക്ക് കത്തയക്കുകയും സ്വയം ദുആ ചെയ്യാനും തുടങ്ങി. അല്ലാഹു അനുഗ്രഹിക്കുകയും തന്റെ തഹ്രീക്കെ ജദീദിന്റെ നേരത്തെയുള്ള വാഗ്ദാനം കൊടുത്തതിനുശേഷം 600 യൂറോ അധികം നൽകാൻ തൗഫീഖ് ലഭിച്ചു. കുറച്ച് ദിവസത്തിനുശേഷം മറ്റൊരു ഫാമിൽനിന്ന് ഫോൺ വന്നു. നിങ്ങൾ ആദ്യത്തെ ഫാം ഒഴിവാക്കി ഞങ്ങളുടെ അടുക്കൽ ജോലിക്ക് വരികയാണെങ്കിൽ ശംബളം ആദ്യത്തെ ഫാമിനേക്കാൾ ആയിരം യൂറോ അധികമായി നൽകുന്നതാണ്. ഞാൻ ആലോചിച്ചതിനുശേഷം പുതിയ ഫാമിൽ ജോലി ചെയ്യാമെന്ന് തീരുമാനിച്ചു. പുതിയ ഫാമിന്റെ ഉടമസ്ഥൻ പറഞ്ഞു: താങ്കൾ പഴയ ഫാമും ഒഴിവാക്കിയിരിക്കുന്നു. അതുകൊണ്ട് താങ്കൾക്ക് മൂന്നുമാസംവരെ ഓരോ മാസവും രണ്ടായിരം യൂറോ ബോണസ് മൂന്ന് ഗഡുക്കളായി നൽകുന്നതാണ്. ജോലിയെ സംബന്ധിച്ച് പറഞ്ഞു, വെള്ളി,ശനി, ഞായർ ദിവസങ്ങളിൽ അവധിയായിരിക്കും. ഇങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ തഹ്രീക്കെ ജദീദിൽ അധികമായി ത്യാഗം ചെയ്തതിന്റെ ഫലമായി ശംബളം മാത്രമല്ല വർധിച്ചത് പ്രത്യുത ജുമുഅ നമസ്കരിക്കുന്നതിനും ശാശ്വതമായ സംവിധാനമുണ്ടായി.

ഐവറി കോസ്റ്റിലെ മുബല്ലിഗ് എഴുതുന്നു. തഹ്രീകെ ജദീദ് ചന്ദയെപ്പറ്റി യാവോലേസോ എന്ന ഗ്രാമത്തിൽ ആഹ്വാനം ചെയ്യുകയുണ്ടായി. വളരെ ദരിദ്രനായ ഒരു വൃദ്ധനുണ്ടായിരുന്നു അവിടെ.അദ്ദേഹത്തിന്റെ സാമ്പത്തികാവസ്ഥ വെച്ചുനോക്കുമ്പോൾ അദ്ദേഹം 200, 300 ഫ്രാങ്ക് തന്നാൽത്തന്നെ വലിയ കാര്യമായിരുന്നു. അദ്ദേഹം വീട്ടിൽപോയി സ്വന്തം ചന്ദ മാത്രമല്ല തന്റെ മകനേയുംകൂട്ടി വന്ന് പറഞ്ഞു നീയും ചന്ദ കൊടുക്കണം. അങ്ങനെ അദ്ദേഹം 2000 ഫ്രാങ്ക് നൽകുകയുണ്ടായി. അതവനെ സംബന്ധിച്ചിടത്തോളം വലിയൊരു തുകയായിരുന്നു. അദ്ദേഹത്തിന്റെ മകൻ 500 ഫ്രാങ്കും നല്കി. ഇതാണ് സമ്പത്തിനോടുള്ള സ്നേഹത്തിലുമതീതമായി അല്ലാഹുവിന്റെ ദീനിനുവേണ്ടി ത്യാഗം ചെയ്യാനുള്ള ആവേശം.

ഒരു ആഫ്രിക്കൻ രാജ്യമായ സെനഗൾ മുഅല്ലിം സാഹിബ് പറയുന്നു: ഇവിടെ മുഹമ്മദ് അഞ്ചായെ സാഹിബ് പാവപ്പെട്ട എന്നാൽ, ആത്മാർഥനായ അഹ്മദിയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ രോഗിയാണ്. ഡോക്ടറെഴുതിയ മരുന്നുകളുടെ വില 15000 ഫ്രാങ്ക് സി.എഫ്.എ ആയിരുന്നു. അത് അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്നില്ല. അദ്ദേഹം ഒരു സ്നേഹിതന്റെ അടുക്കൽ കടം വാങ്ങാൻ പോയി. കടം വാങ്ങുകയും ചെയ്തു. ഇതിനിടയിൽ നമസ്കാര സമയമായപ്പോൾ മിഷൻ ഹൗസിലേക്ക് പോയി. തന്റെ ഭാര്യയുടെ രോഗാവസ്ഥയെപ്പറ്റി മുഅല്ലിം സാഹിബിനോട് പറഞ്ഞു. എന്നാൽ, മുഴുവൻ വിശദീകരിച്ചിരുന്നില്ല. പരാമർശിച്ചതേയുള്ളൂ. അതിനുമുമ്പേ മുഅല്ലിം സാഹിബ് തനിക്ക് പറയാനുള്ളത് അവതരിപ്പിച്ചു തുടങ്ങി. അതായത് തഹ്രീക്കെ ജദീദിന്റെ ദശദിന പരിപാടി ആരംഭിച്ചിരിക്കുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്താൽ അല്ലാഹു എളുപ്പമുണ്ടാക്കുന്നതാണ്. എതായാലും അദ്ദേഹം തന്റെ നിർബന്ധിതാവസ്ഥ വ്യക്തമാക്കിക്കൊണ്ട് പറഞ്ഞു: മൂന്നുനാല് ദിവസത്തിനുശേഷം തരുന്നതാണ്. ഇപ്പോൾ ഞാൻ നിർബന്ധിതനാണ്. ഇപ്പോൾ ഭാര്യയ്ക്ക് മരുന്നുവാങ്ങാൻ കടം വാങ്ങിയതാണ്. അതു വാങ്ങട്ടെ! എന്തായാലും അദ്ദേഹം മിഷൻഹൗസിൽനിന്നുപോയി. ഏതാനും നിമിഷങ്ങൾക്കകം തിരിച്ചുവന്നു പറഞ്ഞു: ഞാൻ മിഷൻഹൗസിൽനിന്ന് തിരിച്ചുപോകുമ്പോൾ ചിന്തിച്ചത് മുഅല്ലിം സാഹിബ് എന്നോട് സാമ്പത്തികത്യാഗത്തെപറ്റി പറഞ്ഞു, ഞാൻ ഒന്നുംതന്നെ കൊടുത്തതുമില്ല. അതെന്റെ മനസ്സിന് വല്ലാത്ത ഭാരമായി അനുഭവപ്പെട്ടു. അതുകൊണ്ട് ഈ അയ്യായിരം ഫ്രാങ്ക് സിഎഫ്എ താങ്കൾ തഹ്രീകെ ജദീദിൽ ചേർക്കുക. ഇപ്പോൾ ഞാൻ ഏറ്റവും അത്യാവശ്യമുള്ള മരുന്നുകൾ മാത്രം വാങ്ങാം. അതും പറഞ്ഞ് അദ്ദേഹം രസീതുവാങ്ങി തിരിച്ചുപോയി. മിഷൻഹൗസിൽനിന്നുപോയി ഫാർമസിയിൽലെത്തുന്നതിനു മുമ്പേ അദ്ദേഹത്തിന് ഒരു ഫോൺകോൾ വന്നു. ഒരാൾ പറയുകയാണ്, ഞങ്ങൾക്ക് ബസ്റ്റ് ഉണ്ടാക്കണം. 50,000 ഫ്രാങ്ക് സിഎഫ്എ താങ്കൾക്ക് ട്രാൻസഫർ ചെയ്യുന്നു. ടെലിഫോൺ മുഖേന ക്രെഡിറ്റ് ബാങ്ക് ചെയ്യാൻ ഓർഡർ കൊടുത്തിട്ടുണ്ട്. നിങ്ങളുടെ ഭാര്യ സുഖമായശേഷം ബസ്റ്റ് ഉണ്ടാക്കിത്തന്നാൽ മതി. ബാക്കി തുക പിന്നീട് അയക്കുന്നതാണ്. പറയുന്നു: അദ്ദേഹം ഫാർമസിയിൽ പോകുന്നതിനുപകരം തിരിച്ച് മിഷൻഹൗസിലെത്തി. മുഅല്ലിമിനോട് എല്ലാ കാര്യങ്ങളും പറഞ്ഞു. ചന്ദയുടെ അനുഗ്രഹത്താൽ അല്ലാഹു പ്രത്യേകം അനുഗ്രഹിക്കുകയും എന്റെ ആവശ്യത്തിൽ കൂടുതൽ തുക എനിക്കു നൽകുകയും ചെയ്തു.

സെനഗലിൽനിന്ന് മുഅല്ലിം സാഹിബ് എഴുതുന്നു:വളരെ ആത്മാർഥതയുള്ള സഹോദരൻ വാഗൺ സാഹിബ് തഹ്രീക്കെ ജദീദ് ചന്ദയിൽ പതിനായിരം ഫ്രാങ്ക് സിഎഫ്എ വാഗ്ദാനം ചെയ്തിരുന്നു. അദ്ദേഹത്തോട് തഹ്രീക്കെ ജദീദ് വർഷം അവസാനിക്കാറായെന്നും താങ്കളുടെ ചന്ദ ബാക്കിയാണെന്നും അറിയിച്ചു. അദ്ദേഹം പറഞ്ഞു, ഇപ്പോൾ എന്റെ കൈയിൽ പണമില്ല. പക്ഷേ, ആശങ്കപ്പെടേണ്ട കാര്യമൊന്നുമില്ല. കാലാവധി തീരുംമുമ്പേ ഞാൻ ചന്ദ തീർക്കുന്നതാണ്. ഇനി വസ്ത്രം വിറ്റിട്ടാണെങ്കിലും തുക ഞാൻ നൽകുന്നതായിരിക്കും. ഈ ആവേശമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. മുഅല്ലിം സാഹിബ് പറയുന്നു: അദ്ദേഹം ഏതാനും ദിവസങ്ങൾക്കകം എന്റെ വീട്ടിൽ വന്നിട്ട് പറഞ്ഞു: എന്റെ തഹ്രീക്കെ ജദീദ് ചന്ദ സ്വീകരിക്കുക. ഞാൻ വളരെ ചിന്താകുലനായിരുന്നു. ഇന്ന് എന്റെ മകൻ എനിക്ക് വിശ്വസിക്കാനെ കഴിയാത്ത നിലയിൽ പണം അയച്ചുതന്നിരിക്കുന്നു. അതുകൊണ്ട് ആദ്യം ഞാൻ ചന്ദ തരാൻ വന്നതാണ്. ഇപ്രകാരം ഒന്നിനേയും ഗൗനിക്കാത്ത ആത്മാർത്ഥരായ ആളുകൾ ജമാഅത്തിലുണ്ട്.

നൈജീരിയായിലെ അമീർ സാഹിബ് പറയുന്നു: ഒരു മുഅല്ലിമുണ്ട്. അദ്ദേഹത്തിന്റെ ഭാര്യ വീട്ടമ്മയാണ്. വരുമാനമൊന്നുമില്ല. മുഅല്ലിം സാഹിബ് തന്നെയാണ് അവരുടേയും തഹ്രീക്കെ ജദീദ് ചന്ദ കൊടുത്തിരുന്നത്. അതേപറ്റി ഭാര്യക്ക് അറിവ് ലഭിച്ചപ്പോൾ അവർ പറഞ്ഞു: ഈ വർഷം ഞാൻ എന്റെ ചന്ദ കൊടുത്തുകൊള്ളാം. എന്റെ വാഗ്ദാനം 8000 സിഎഫ്എ എഴുതുക. അവരുടെ

ഭർത്താവ് മുഅല്ലിം ചോദിച്ചു: ഇതെങ്ങനെയാണ് നീ കൊടുത്തുവീട്ടുക. അവർ പറഞ്ഞു: അല്ലാഹു എന്റെ ത്യാഗം സ്വീകരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. പിന്നീട് സംഭവിച്ചതും അതുതന്നെയാണ്. കുറച്ചു ദിവസം കഴിഞ്ഞുകാണും അവരുടെ അയൽക്കാരിയായ ഒരു സ്ത്രീ വന്നിട്ട് പറഞ്ഞു, നിങ്ങൾക്ക് തുന്നൽ അറിയാമല്ലോ എന്റെ ഈ വസ്ത്രങ്ങൾ നിങ്ങൾ തുന്നിത്തരണം. എന്നു മാത്രമല്ല മൂവായിരം സിഎഫ്എ മുൻകൂറായി കൊടുക്കുകയും ചെയ്തു. അവർ ഉടൻതന്നെ അത് തഹ്‌രീകെ ജദീദിൽ കൊടുത്തു. അതിനുശേഷം മുതൽ അവർക്ക് എത്രമാത്രം ജോലികിട്ടിയെന്നാൽ വളരെ എളുപ്പത്തിൽത്തന്നെ അവർ ചന്ദ മുഴുവനും കൊടുത്തുതീർത്തു. തഹ്‌രീകെ ജദീദ് ആരംഭിച്ചപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സ്ത്രീകളോട് അഞ്ചും പത്തും രൂപ കൊടുക്കാനാണ് ആഹ്വാനം ചെയ്തിരുന്നത്. അന്ന് സ്ത്രീകൾക്ക് ഇത്രയും തുക ഒന്നിച്ചുകൊടുക്കാൻ കഴിയില്ലെന്നും ഒന്നും രണ്ടും രൂപയായി മാത്രമേ കൊടുക്കാൻ കഴിയുകയുള്ളൂവെന്നും അതിന് മാസന്തോറും നൽകാൻ അനുമതി വേണമെന്നും ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്(റ) എഴുതിയിരുന്നു. അന്ന് കാണിച്ച ആ ആവേശം ഇന്നും നിലനില്ക്കുന്നു. എന്നല്ല ആയിരക്കണക്കിനുമൈൽ ദൂരെ വസിക്കുന്നവരിലും അതേ ആവേശമാണുള്ളത്. കാലത്തിന്റെ ഖലീഫയുടെ ശബ്ദം നേരിട്ട് കേൾക്കുന്നു. പക്ഷേ, അവർക്ക് മനസ്സിലാവില്ല. ചിലർക്ക് ഭാഷയറിയില്ല. എന്നാൽ, അവർ ആത്മാർഥതയിൽ ഏറെ മുന്നേറിയവരാണ്. സെനഗളിൽനിന്ന് മുഅല്ലിം സാഹിബ് എഴുതുന്നു: താബാകോണ്ട ജമാഅത്തിലെ സയീദ് സാഹിബിന്റെ പക്കൽ പശുക്കളുടേയും ആടുകളുടേയും പറ്റങ്ങളാണുള്ളത്. അദ്ദേഹം ഫോൺ ചെയ്ത് തഹ്‌രീക്കെ ജദീദ് എന്താണെന്ന് ചോദിച്ചു. അഹ്മദികൾ തഹ്‌രീക്കെ ജദീദ് ചന്ദ കൊടുക്കണമെന്ന് പറയുന്നത് അദ്ദേഹം മറ്റു ആളുകളിൽനിന്ന് കേട്ടിട്ടുണ്ടായിരുന്നു. മുഅല്ലിം സാഹിബ് അദ്ദേഹത്തോട് തഹ്‌രീക്കെ ജദീദനെ സംബന്ധിച്ച് വിശദമായി പറഞ്ഞു. ഇപ്പോൾ തഹരീക്കെ ജദീദിന്റെ ദശദിന പരിപാടി നടക്കുകയാണ്. അദ്ദേഹം പറഞ്ഞു: അദ്ദേഹത്തിന്റെ പിതാവ് വലിയ ധനാഢ്യനായിരുന്നു. എന്നാൽ, സക്കാത്തിലും ധനത്യാഗത്തിലും ദുർബലനായിരുന്നു. മൗലവിമാർക്ക് എന്തെങ്കിലുമൊക്കെ ചെയ്തുകൊടുക്കാറുണ്ടായിരുന്നു. പിതാവിന്റെ മരണശേഷം ഒരുപാട് കന്നുകാലികൾ അദ്ദേഹത്തിന് ഓഹരി കിട്ടിയിട്ടുണ്ട്. പക്ഷേ, അദ്ദേഹത്തിനും ധനത്യാഗത്തെപ്പറ്റി ചിന്തയില്ലായിരുന്നു. മുഅല്ലിം സാഹിബ് അദ്ദേഹത്തിന് സക്കാത്തിനേയും മറ്റു ചന്ദകളേയുംപറ്റി പറഞ്ഞുകൊടുത്തപ്പോൾ അദ്ദേഹം ഒരു പശുവിനേയും രണ്ട് ചെമ്മരിയാടിനേയും ചന്ദയായി നൽകിയിട്ട് പറഞ്ഞു: ഇതിൽ ഒരു ആട് തഹരീക്കെ ജദീദിനുവേണ്ടിയുള്ളതാണ്. അതിന് ഏഴുദിവസത്തിനുശേഷം അദ്ദേഹം ഒരു സ്വപ്നം കണ്ടു, മൃഗങ്ങളിൽ ഒരു പ്രത്യേകതരം രോഗം പടരുകയാണ്. അതുമുഖേന അവയുടെ ശരീരത്തിൽ നിന്ന് നീര് ഒഴുകിക്കൊണ്ടിരിക്കുന്നു. മൃഗങ്ങൾ ചത്തൊടുങ്ങുകയും ചെയ്യുന്നു.അദ്ദേഹത്തിന് മൃഗങ്ങളുടെ വലിയൊരു കൂട്ടംതന്നെയുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം സ്വപ്നത്തിൽ വളരെ അസ്വസ്ഥനാവുകയും ഇങ്ങനെ പ്രാർഥിക്കുകയും ചെയ്തു: അല്ലാഹുവേ! എന്റെ മൃഗങ്ങളെ കാത്തുരക്ഷിക്കേണമേ. അപ്പോൾ സ്വപ്നത്തിൽ ത്തന്നെ അദ്ദേഹം വളരെ ശക്തമായൊരു ശബ്ദം കേൾക്കാനിടയായി; തഹരീക്കെ ജദീദ് കാരണം നിന്റെ മൃഗങ്ങൾ സുരക്ഷിതമായിരിക്കും. അതിനിടയിൽ അദ്ദേഹം സ്വപ്നത്തിൽ ഒരു കടലാസ് കണ്ടു. അതിലെ ആദ്യവരി ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്നാണ്. അദ്ദേഹത്തിന്റെ പേരും എഴുതിയിരുന്നു. ഉറക്കമുണർന്നപ്പോൾ മുഅല്ലിം സാഹിബിനെ ഫോണിൽ വിളിച്ച് ഇതു പറഞ്ഞു. അപ്പോൾ മുഅല്ലിം സാഹിബ് പറഞ്ഞു, താങ്കൾക്കു തന്ന രസീത് നോക്കുക. അതിൽ ഏറ്റവും മുകളിൽ ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്നെഴുതിയിട്ടുണ്ട്. താഴെ താങ്കളുടെ പേര് എഴുതിയിട്ടുണ്ട്. അതിനുതാഴം തഹ്രീക്കെ ജദീദ് ചന്ദയും എഴുതിയിട്ടുണ്ട്. അതല്ലാതെ മറ്റൊന്നും വായിക്കാൻ കഴിയുമായിരുന്നില്ല. പിന്നെ സ്വയം തഹരീകെ ജദീദ് ചന്ദ എന്നെഴുതിയിട്ടുണ്ട്. അദ്ദേഹം പറയുന്നു: ഞാൻ രസീത് നോക്കുകും സ്വപ്നം ഓർക്കുകയും ചെയ്തപ്പോൾ അത് സത്യത്തിൽ അതെന്റെ ഈമാൻ വർധിക്കുന്നതിന് നിമിത്തമായി. അത്ഭുതകരമായ മാർഗങ്ങളിലൂടെ അല്ലാഹുവും വഴികാണിച്ചുകൊടുക്കുന്നു.

ടൻസാനിയായിലെ ശിയാങ്കയിലുള്ള മുഅല്ലിം സാഹിബ് എഴുതുന്നു: ജമാഅത്തിലെ പ്രായം ചെന്ന ഒരു നവഅഹ്മദി, റമളാൻ സാഹിബ് തഹരീക്കെ ജദീദിൽ നല്ലൊരു സംഖ്യ വാഗ്ദാനം എഴുതിച്ചിരുന്നു. അദ്ദേഹം കൃഷിപണി ചെയ്താണ് ജീവിക്കുന്നത്. മഴയില്ലാത്തതു കാരണം നിരവധി കർഷകരുടെ വിളവ് മോശമായിപോയിരുന്നു. റമളാൻ സാഹിബ് പറയുന്നു: അദ്ദേഹം എല്ലാ സമയത്തും തന്റെ തഹരീക്കെ ജദീദ് ചന്ദ എങ്ങനെ കൊടുക്കുമെന്ന വിചാരത്തിലായിരുന്നു. അദ്ദേഹം പറയുന്നു: ഈ വിചാരത്തിൽ കഴിയുമ്പോൾ ഒരു ദിവസം എന്റെ ഒരു ബന്ധുവിന്റെ ഫോൺ വന്നു. നീണ്ടകാലമായി അയാളുമായി ബന്ധമൊന്നുമില്ലായിരുന്നു. അദ്ദേഹം ഫോൺ ചെയ്തു പറഞ്ഞു. ഞാൻ താങ്കൾക്ക് കുറച്ച് പൈസ അയക്കുന്നുണ്ട്. അതുകൊണ്ട് ആദ്യം വീട്ടുസാധനങ്ങൾ വാങ്ങുക. ആ സാത്വികൻ പൈസ കിട്ടിയപ്പോൾ നേരെ സെക്രട്ടറി മാലിന്റെ അടുക്കലെത്തി തന്റെ വാഗ്ദാനം പൂർത്തിയാക്കി. അധികതുക കൊടുക്കുകയും ചെയ്തു. അദ്ദേഹം പറയുന്നു: എന്റെ അല്ലാഹു എനിക്ക് ഈ രീതിയിൽ സഹായം നൽകിയത് ഞാൻ എന്റെ ചന്ദയുടെ വാഗ്ദാനം പൂർത്തിയാക്കാൻ വേണ്ടിയാണ്.

അവരുടെ ത്യാഗത്തിന്റെ നിലവാരം ഇതായിരുന്നു; പുതുതായി ബയ്അത്ത് ചെയ്ത് വരുന്നവരുടേയും! എതിരാളികൾ ജമാഅത്തിനെ ഇല്ലാതാക്കാൻ ശക്തമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, അല്ലാഹു എങ്ങനെയാണ് നവഅഹ്മദികളുടെ ഹൃദയത്തിലും ജമാഅത്തിനുവേണ്ടി ത്യാഗങ്ങൾ ചെയ്യാൻ സന്നദ്ധമാക്കുന്നതെന്നും, പിന്നെ അനുഗ്രഹിക്കുന്നതെന്നും നോക്കുക.

അല്ലാഹു കത്തിച്ചുവെച്ച ഈ വിളക്ക് ശത്രുക്കളുടെ ഊത്തുകൊണ്ട് അണഞ്ഞുപോകുമോ? എത്ര വേണമെങ്കിലും ശ്രമിച്ചുകൊള്ളുക, പരാജയം മാത്രമാണ് ശത്രുക്കൾക്ക് വിധിച്ചിട്ടുള്ളത്. ജമാഅത്ത് ലോകത്തിന്റെ എല്ലാ കോണുകളിലും ത്യാഗങ്ങളുടെ മാതൃക സ്ഥാപിച്ചുകൊണ്ട് പുരോഗതിപ്രാപിച്ചുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തഹ്‌രീക്കെ ജദീദ് ആരംഭിച്ചത്, ജമാഅത്തിന്നെതിരിൽ നാലുപാടും പ്രശ്നങ്ങൾ ഉണ്ടായപ്പോഴാണ്. എത്രത്തോളമെന്നാൽ സർക്കാർ ഓഫീസർമാരും ശത്രുക്കളെ സഹായിക്കുകയായിരുന്നു. തഹ്‌രീക്കെ ജദീദിന്റെ ലക്ഷ്യംതന്നെ, തബ്‌ലീഗ് ചെയ്ത് ജമാഅത്തിനെ വർധിപ്പിക്കുകയാണ്. ലോകത്തിന്റെ സകല രാജ്യത്തും അഹ്മദിയ്യാ ജമാഅത്ത് മുഖേന ഇസ്‌ലാമിന്റെ പതാക ഉയർത്തുകയാണ്. ചുരുക്കത്തിൽ അഹ്മദിയ്യാ ജമാഅത്ത് മുഖേന ഇസ്‌ലാമിന്റെ മടിത്തട്ടിൽ വരുന്നവർ വിശ്വാസത്തിലും ദൃഢജ്ഞാനത്തിലും ത്യാഗത്തിലും മാതൃകകൾ സ്ഥാപിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. നിരവധി സംഭവങ്ങളുണ്ട്. പക്ഷേ ഈ സമയത്ത് ഇവിടെ എല്ലാം വിവരിക്കാൻ സാധ്യമല്ല.

തഹ്‌രീക്കെ ജദീദിനെ സംബന്ധിച്ച് അതിന്റെ ചരിത്രപരമായ പശ്ചാത്തലത്തെപ്പറ്റി കുറച്ച് കാര്യങ്ങൾ പറയാം. ഞാൻ പറഞ്ഞുവന്നതുപോലെ ജമാഅത്തിന്നെതിരിൽ നാലുഭാഗത്തും ഫിത്നയും ഫസാദും ഉയരുകയായിരുന്നു. പ്രത്യേകിച്ചും അഹ്റാർ, കലഹമുണ്ടാക്കാൻ തങ്ങളുടെ കഴിവിന്റെ പരമാവധി ശ്രമിച്ചിരുന്നു. അഹ്മദിയ്യത്തിനെ ഭൂമുഖത്തുനിന്ന് ഇല്ലാതാക്കുമെന്നും ഖാദിയാന്റെ പേരും ചൂരും ഇല്ലാതാക്കുമെന്നും ഖാദിയാന്റെ അസ്തിവാരമിളക്കുമെന്നുമായിരുന്നു വീരവാദങ്ങൾ. എത്രത്തോളമെന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖബ്റും പരിശുദ്ധസ്ഥലങ്ങളും തകർക്കാനും പരിപാടിയുണ്ടായിരുന്നു. ഭരണകൂടത്തിന്റെ ഭാഗത്തുനിന്നും ശത്രുക്കളിലേക്കാണ് കൂടുതൽ ചായ്‌വുണ്ടായിരുന്നത്. അവർ കലഹം അവസാനിപ്പിക്കുന്നതിനു പകരം അവരെ സഹായിക്കുകയായിരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ജമാഅത്തിന് ഒരു പ്രോഗ്രാം നൽകിക്കൊണ്ട് സാമ്പത്തികത്യാഗം ചെയ്യാൻ ആഹ്വാനം ചെയ്യുകയുണ്ടായി. ഇതു 1934 ലെ കാര്യമാണ്. നവംബറിൽ അദ്ദേഹം ആദ്യം നൽകിയ ചില ഖുത്ബകളിൽ കുറച്ച് ആമുഖവും പശ്ചാത്തലവും വിവരിച്ചുകൊണ്ട് താനെന്ത് ആഹ്വാനമാണ് നടത്താൻ പോകുന്നതെന്ന് സൂചിപ്പിച്ചു. അതിന്റെ ആദ്യപരാമർശം മാത്രമേ നടത്തിയിരുന്നുള്ളൂ. മുഴുവൻ വിശദീകരിച്ചിട്ടില്ലായിരുന്നു. എന്നാൽ, ആത്മാർഥരായ അഹ്മദികൾ തങ്ങളെല്ലാത്തരം ത്യാഗത്തിനും സന്നദ്ധരാണെന്നെഴുതി അറിയിക്കാൻ തുടങ്ങി. അതിൽ അദ്ദേഹം സന്തോഷവും പ്രകടിപ്പിച്ചു. എന്നിട്ട് പറഞ്ഞു. ഈ വിശദീകരണം നൽകുന്നത് ജമാഅത്ത് ത്യാഗത്തിന് സന്നദ്ധമാകുന്നതിന് വേണ്ടിയാണ്. കാരണം ചിലപ്പോൾ ത്യാഗങ്ങളുടെ കാലപരിധി നീട്ടേണ്ടതായി വരുന്നു. സ്ത്രീകളും കുട്ടികളും ഇതിന് തയ്യാറായിരിക്കണം. ഇതു കേവലം പുരുഷന്മാരുടെ ജോലിയല്ല. സ്ത്രീകളും തങ്ങളുടെ കടമകൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

**• കലാമുൽ ഇമാം •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


**• കലാമുൽ ഇമാം •**

"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)


ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

ഇതെല്ലാ അഹ്മദികൾക്കും നിർബന്ധമുള്ളതായിരുന്നില്ലെങ്കിലും ആ സമയത്ത് ആത്മാർഥതയിലും കൂറിലും അനിതരസാധാരണമായ ആവേശമാണ് ജമാഅത്ത് പ്രകടിപ്പിച്ചത്.(ഖുത്ബാത്തെ മഹ്മൂദ് വാല്യം 15, പേജ് 411)

ഏതായാലും 1934-ൽ അദ്ദേഹം കൃത്യമായി ഒരു ഫണ്ട് വിളംബരപ്പെടുത്തിക്കൊണ്ടു പറഞ്ഞു: നമ്മൾ എതിരാളികളുടെ ആരോപണങ്ങൾക്ക് മറുപടി നൽകേണ്ടതാണ്. അവരെപോലെ കുഴപ്പങ്ങളുണ്ടാക്കിക്കൊണ്ടല്ല. മറിച്ച്, തബ്‌ലീഗ് ചെയ്തുകൊണ്ടായിരിക്കണം. കാരണം ശത്രുക്കൾക്ക് അവസരം കിട്ടിയതുതന്നെ നമ്മൾ തബ്‌ലീഗ് ചെയ്യാത്തതുകൊണ്ടാണ്. ഇതുസംബന്ധിച്ച് അവധാനതയോടെ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുപോലെ ഉണ്ടാക്കിയില്ല. അഹ്മദിയ്യത്തിന്റെ സന്ദേശം ലോകത്തിന്റെ കോണുകളോളം എത്തിക്കാൻവേണ്ടി പരിശ്രമങ്ങളുണ്ടായില്ല. അത് യഥാവിധി ചെയ്തിട്ടില്ല. അദ്ദേഹം ജമാഅത്തിന് ഒരു പ്രോഗ്രാം നൽകിക്കൊണ്ട് തങ്ങളുടെ പരിഷ്കരണത്തിനും ത്യാഗങ്ങളുടെ നിലവാരം ഉയർത്തുന്നതിനും ശ്രദ്ധ ക്ഷണിച്ചു. ഇരുപത്തേഴായിരം രൂപയുടെ സാമ്പത്തികത്യാഗത്തിനുള്ള ഒരു ആഹ്വാനവും സമർപ്പിച്ചു. ഇത് മൂന്ന് വർഷത്തേക്കുള്ളതായിരുന്നു. എന്നാൽ, ആത്മാർഥതയും കൂറുമുള്ള ഈ ജമാഅത്തിന് അല്ലാഹു തന്റെ അനുഗ്രഹത്താൽ കാലത്തിന്റെ ഖലീഫയുടെ ആഹ്വാനത്തിന് ലബ്ബയ്ക്ക് പറഞ്ഞുകൊണ്ട് ഒരു ലക്ഷം രൂപ ഒരു വർഷംകൊണ്ടുതന്നെ കൊടുക്കാൻ ഭാഗ്യം നൽകി. അക്കാലത്തെ സാമ്പത്തികാവസ്ഥ വെച്ചുനോക്കിയാൽ അതൊരു വലിയ ത്യാഗമായിരുന്നു. കുറച്ചുകുറച്ചു അണകളുടെ ത്യാഗമായിരുന്നു നടന്നത്. അത് തങ്ങളുടേയും മക്കളുടേയും ഭക്ഷണം കുറച്ചുകൊണ്ട് ത്യാഗം ചെയ്യുന്നതിനുള്ള മാതൃക സ്ഥാപിച്ചു. അല്ലാഹു ഈ ത്യാഗങ്ങളെ സ്വീകരിച്ചപ്പോൾ ലോകത്ത് തബ്‌ലീഗിനുള്ള അനിതരസാധാരണമായ മാർഗങ്ങൾ മാത്രമല്ല തുറന്നുതന്നത് ഈ ത്യാഗങ്ങൾ അവരിൽ മാത്രമായി നിലനിന്നില്ല. മറിച്ച് ഇന്നും അത്തരം മാതൃകകൾ കാണുന്നു. ഞാൻ ആ സംഭവങ്ങൾ കേൾപ്പിച്ചതാണ്. ഏതായാലും അവർ സാമ്പത്തികത്യാഗം ചെയ്തതിനോടൊപ്പം ദീനിനുവേണ്ടി തങ്ങളുടെ ജീവിതവും സമർപ്പിച്ചു. ദൂരദേശങ്ങളിൽ പ്രചാരണത്തിനായി പോയി. ചിലർക്ക് തടവറകളിലുള്ള ബുദ്ധിമുട്ടുകളും സഹിക്കേണ്ടി വന്നിട്ടുണ്ട്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തുടക്കത്തിൽ ഈ പദ്ധതിയെ പത്ത് വർഷത്തേക്ക് നീട്ടിയിരുന്നു. അതായത് മൂന്ന് വർഷം പത്ത് വർഷമാക്കി ഉയർത്തി. പിന്നീട് പത്ത് വർഷം പൂർത്തിയായപ്പോൾ അതിന്റെ സൽഫലങ്ങൾ വെളിപ്പെട്ടുതുടങ്ങി. അപ്പോൾ വീണ്ടും ത്യാഗം ചെയ്യാൻ ആഗ്രഹമുയർന്നപ്പോൾ പിന്നേയും നീട്ടുകയുണ്ടായി. തുടർന്ന് ഇത് സ്ഥായിയായൊരു പദ്ധതിയായി രൂപപ്പെട്ടു.(ഖുത്ബാത്തെ മഹ് മൂദ് വാല്യം 25, പേജ് 699-700)(ഖുത്ബാത്തെ മഹ് മൂദ് വാല്യം 18, പേജ് 591)

ഇന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന അല്ലാഹുവിന്റെ സഹായത്തിന്റേയും പിന്തുണയുടേയും ദൃശ്യങ്ങൾ ആരംഭകാലത്തെ ജനങ്ങളുടെ ത്യാഗങ്ങളുടെ ഫലമാകുന്നു. അത് അല്ലാഹു സ്വീകരിക്കുകയുണ്ടായി. മാത്രമല്ല ഇപ്പോഴും പുതുതായി വരുന്നവർ പലർക്കും സ്വപ്നത്തിലൂടെ ഈ പദ്ധതിയിലേക്കും സാമ്പത്തികത്യാഗത്തിലേക്കും ശ്രദ്ധ തിരിക്കുന്നു. അത് ഞാൻ സംഭവങ്ങൾ വിവരിച്ചുകഴിഞ്ഞപ്പോൾ പറഞ്ഞുകഴിഞ്ഞതാണ്.

ഈ ആദ്യകാല ത്യാഗം ചെയ്തവരുടെ തലമുറ ഇന്ന് തങ്ങളുടെ പൂർവ്വികന്മാരുടെ ത്യാഗങ്ങളെ അനുസ്മരിച്ചുകൊണ്ട് സ്വയമായും തങ്ങളുടെ തലമുറകളേയും ഈ ത്യാഗങ്ങളിൽ തുടർച്ചയായി നിലനിറുത്തിക്കൊണ്ട് പോകാൻ ശ്രമിക്കേണ്ടതാണ്. അതോടൊപ്പം തങ്ങൾക്കുമേലുണ്ടായിട്ടുള്ള അനുഗ്രഹങ്ങൾക്ക് സ്വന്തം നിലയ്ക്കും കൂടുതൽ കൂടുതൽ ത്യാഗം ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

ഏതായാലും ഈ പദ്ധതിയനുസരിച്ച് ആദ്യകാല ആളുകളുടെ എണ്ണം അയ്യായിരമായിരുന്നു. ഇവർ തഹരീകെ ജദീദ് ഒന്നാം ലഡ്ജറിലെ മുജാഹിദ് (യോദ്ധാക്കൾ) എന്നറിയപ്പെടുന്നു. പിന്നീട് ഖലീഫത്തുൽ മസീഹ്(റാബിഅ്) ഇവരുടെ തലമുറകളും മക്കളും അവരുടെ ത്യാഗങ്ങൾ ജീവസ്സുറ്റതായി നിലനിറുത്തണമെന്നും അന്ത്യനാൾവരെ അവരുടെ ചന്ദകൾ കൊടുക്കണമെന്നും പ്രത്യേകം ആഹ്വാനം ചെയ്തു.(ഖുത്ബാത്തെ ത്വാഹിർ വാല്യം 4, പേജ്865)

അതുകഴിഞ്ഞ് ഞാൻ അഞ്ചാമത്തെ ദഫ്ത്തർ ആരംഭിച്ചപ്പോൾ ഇക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിച്ചിരുന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരുടെ എല്ലാവരുടേയും ലഡ്ജറുകൾ സജീവമാണ്. ഒന്നാം ദഫ്ത്തറിലെ മുജാഹിദീങ്ങൾക്ക് പത്തുവർഷം പൂർത്തിയായപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) രണ്ടാമത്തെ ദഫ്ത്തർ ആരംഭിക്കുന്നതായി വിളംബരപ്പെടുത്തി. അതിൽ പിന്നീട് വന്നവർ ചേർന്നു. ഇതിന്റെ കാലപരിധി പത്തൊമ്പത് വർഷമാണെന്ന് അദ്ദേഹം നിശ്ചയിച്ചിരുന്നത്. മാത്രമല്ല മേലിൽ ഈ ദഫ്ത്തർ 19 വർഷം കൂടുമ്പോൾ നിലനിന്നുകൊണ്ടു പോകുന്നതായിരിക്കും. ഓരോ 19 വർഷത്തിനുശേഷവും അടുത്ത ദഫ്ത്തർ 19 വർഷത്തേക്കായിരിക്കും. പിന്നീട് അടുത്തത് ആരംഭിക്കുന്നതായിരിക്കും.(ഖുത്ബാത്തെ മഹ് മൂദ് വാല്യം 25 പേജ് 731-732)

അതനുസരിച്ച് പിന്നെ മൂന്നാമത്തെ ദഫ്ത്തർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ് ആരംഭിച്ചു. ഇത് 19 വർഷത്തിനുശേഷം 1964-ൽ ആരംഭിക്കേണ്ടതായിരുന്നു. എന്നാൽ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ രോഗം കാരണം ആ സമയത്ത് വിളംബരപ്പെടുത്തിയില്ല. അതുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്) പറഞ്ഞു:ഈ ദഫ്ത്തർ ഞാൻ വിളംബരപ്പെടുത്തുന്നുവെങ്കിലും ഇത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ലേക്കാണ് ചേർത്ത് പറയുക. അല്ലാഹു എനിക്കും അതിന്റെ പുണ്യം നൽകുന്നതാണ്. ഇതിന്റെ വിളംബരമുണ്ടായത് 1966-ലാണ്. പക്ഷേ, ഇത് 1965 നവംബർ മുതലായിരിക്കുമെന്നും അദ്ദേഹം പറയുകയുണ്ടായി.(ഖുത്ബാത്തെ നാസിർ വാല്യം 1, പേജ് 228).

പിന്നീട് 1985 ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് നാലാമത്തെ ദഫ്ത്തർ വിളംബരപ്പെടുത്തി.(ഖുത്ബാത്തെ ത്വാഹിർ, വാല്യം 4, പേജ് 870)

പിന്നീട് ഈ 19 വർഷക്കാലം നിലനിറുത്തിക്കൊണ്ട്, ഈ നാലാമത്തെ ദഫ്തർ ആയിരുന്ന ഇത് 19 വർഷം നിലനിന്നു. 2004-ൽ ഈ 19 വർഷം അവസാനിച്ചപ്പോൾ ഞാൻ അഞ്ചാമത്തെ ദഫ്തർ തുടങ്ങി. ഇന്ന് വീണ്ടും 19 വർഷം പൂർത്തിയായിരിക്കുന്നു. ഇന്ന് 19 വർഷം പൂർത്തിയായതിനാൽ ഞാൻ ആറാമത്തെ ദഫ്തർ വിളംബരപ്പെടുത്തുകയാണ്. ഇതിൽ പുതുതായി പങ്കുചേരുന്ന അഹ്മദികളും പുതുതായി ജനിക്കുന്ന കുട്ടികളും അതല്ലെങ്കിൽ നേരത്തെ മറ്റേതെങ്കിലും ദഫ്തറിൽപ്പെടാത്തവരും ഉൾപ്പെടുന്നതാണ്.

അതിനാൽ ജമാഅത്തുപരമായ സംവിധാനം ഇതനുസരിച്ച് താന്താങ്ങളുടെ ജമാഅത്തുകളിൽ പ്രവർത്തിക്കേണ്ടതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പുതിയ ദഫ്തർ വിളംബരപ്പെടുത്തിയപ്പോൾ പറഞ്ഞു: ഇതിനുശേഷം അതായത് രണ്ടാമത്തെ ദഫ്തറിനുശേഷം തഹരീക്കെ ജദീദിന്റെ മൂന്നും നാലും അഞ്ചും കാലഘട്ടങ്ങൾ വരുന്നതായിരിക്കും. നമ്മൾ ദീനിനുവേണ്ടി ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതാണ്. ഏതു ദിവസമാണോ നമ്മൾ ദീനിനുവേണ്ടിയുള്ള കഠിനാധ്വാനം ഉപേക്ഷിക്കുന്നത് അതല്ലെങ്കിൽ നമ്മളിൽ ചിലർ ഒന്നും രണ്ടും മൂന്നും നാലും അഞ്ചും ആറും ഏഴും ഘട്ടങ്ങൾ കഴിഞ്ഞിരിക്കുന്നു, ഇനി എത്രകാലം ത്യാഗം ചെയ്യും, ഇത് അവസാനിപ്പിക്കേണ്ടിയിരിക്കുന്നുവെന്ന് പറയാൻ തുടങ്ങുന്ന ദിവസം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞു, അത് അവരുടെ ആത്മീയത തണുത്തുറഞ്ഞുപോയെന്നും വിശ്വാസം ദുർബലമായെന്നും പ്രഖ്യാപിക്കുന്ന ദിവസമായിരിക്കും. നമ്മൾ പ്രതീക്ഷിക്കുന്നത് തഹരീക്കെ ജദീദിന്റെ ഈ കാലം അനന്തമായിരിക്കുമെന്നാണ്. ആകാശത്തിലെ നക്ഷത്രങ്ങൾ എണ്ണിത്തിട്ടപ്പെടുത്താൻ കഴിയാത്തതുപോലെ തഹരീക്കെ ജദീദിന്റെ കാലഘട്ടങ്ങളും എണ്ണിത്തിട്ടപ്പെടുത്താൻ സാധ്യമല്ല. അല്ലാഹു ഹദ്റത്ത് ഇബ്റാഹീമി(അ)നോട് നിന്റെ തലമുറയെ എണ്ണിത്തിട്ടപ്പെടുത്താൻ സാധ്യമല്ലെന്ന് പറഞ്ഞതുപോലെ ഹദ്റത്ത് ഇബ്റാഹീമിന്റെ തലമുറ ദീനിനു ഒരുപാട് ത്യാഗം ചെയ്തിട്ടുണ്ട്. അതുതന്നെയാണ് തഹരീക്കെ ജദീദിന്റെയും കാര്യം. തഹരീക്കെ ജദീദിന്റെ കാലം ജനങ്ങളുമായി ബന്ധപ്പെട്ടതല്ല. മറിച്ച്, ദീനിനുവേണ്ടിയുള്ള ത്യാഗസംവിധാനത്തിന്റെ ആകെത്തുകയാകുന്നു. അതുകൊണ്ട് അതിന്റെ കാലഘട്ടങ്ങളും എണ്ണിത്തിട്ടപ്പെടുത്താൻ സാധ്യമല്ല. ചുരുക്കത്തിൽ ഇത് ഇസ്‌ലാം അഹ്മദിയ്യത്തിന്റെ മഹത്തായ അടിത്തറ ശക്തിപ്പെടുത്തുന്നതായിരിക്കും. (ഖുത്ബാത്തെ മഹ്മൂദ് വാല്യം 27, പേജ് 65)

ഏതായാലും ഓരോ അഹ്മദിയും ഈയൊരു

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ. (ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**



ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

ചിന്തയോടുകൂടി തങ്ങളുടെ ത്യാഗങ്ങളുടെ നിലവാരത്തെ മുന്നിൽവെക്കേണ്ടതാണ്. അല്ലാഹു ഈ ത്യാഗം ചെയ്യുന്നവരെ എങ്ങനെയാണ് അനുഗ്രഹിക്കുന്നതെന്നതിനെപ്പറ്റി ഞാൻ ചില സംഭവങ്ങൾ കേൾപ്പിക്കുകയുണ്ടായി. ഇത് ദൈവികപദ്ധതിയാണെന്നതിനുള്ള അല്ലാഹുവിന്റെ കർമസാക്ഷ്യമാകുന്നു.

അതുപോലെ ഹദ്റത്ത് മുസ്‌ലിഹ്(റ)തഹരീക്കെ ജദീദിനെപ്പറ്റി പറഞ്ഞപ്പോൾ ഒരിക്കൽ വസിയ്യത്ത് സംവിധാനത്തേയും ഇതിനോടു ചേർത്തുകൊണ്ട് തഹരീക്കെ ജദീദ് പദ്ധതി ഞാനെന്റെ വാക്കുകളിൽ പറയുന്ന വസിയ്യത്ത് സംവിധാനം തന്നെയാണെന്നും പറഞ്ഞിരുന്നു. ഇത് മുന്നൊരുക്കക്കാരൻ എന്ന നിലക്കാകുന്നു. അതായത് ഇതുകാരണം വസിയ്യത്ത് പദ്ധതിയും ശക്തിപ്പെടുന്നതാണ്. ഇത് സാമ്പത്തികത്യാഗം ചെയ്യാൻ ശീലമുണ്ടാക്കാനുള്ള അടിത്തറയായിരിക്കും.ഇത് അഗ്രദൂതനാണ്. അതായത് മുമ്പേ നടക്കുന്ന വസ്തു. മഹത്തായ സംവിധാനം ഇതിന്റെ പിന്നിൽവരുന്നുണ്ടെന്ന് ജനങ്ങളെ വിളിച്ചറിയിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സംഘമായിരിക്കും. ഇത് വസിയ്യത്ത് സംവിധാനമെന്ന് പറയപ്പെടും.(നിളാമെ നൗ, അൻവാറുൽഉലൂം വാള്യം 16, പേജ് 600)

ഞാൻ വസിയ്യത്തിൽ ഭാഗഭാക്കാകാൻ 2005-ൽ ആഹ്വാനം ചെയ്തിരുന്നു. നിളാമെ വസിയ്യത്തിന് നിളാമെ ഖിലാഫത്തുമായും അഭേദ്യമായൊരു ബന്ധമുണ്ട്. വസിയ്യത്ത് പദ്ധതി മുഖേനതന്നെയാണ് ഇനി ത്യാഗങ്ങളുടെ നിലവാരമുയരുക. അതുകൊണ്ട് ആദ്യം ത്യാഗത്തിനുള്ള ശീലമുണ്ടാക്കാനുള്ള തഹരീകെ ജദീദിന്റെ സംവിധാനമാണുള്ളത്. ഈ കാര്യത്തിലും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ ഇതിലേക്ക് ശ്രദ്ധിക്കുക.

അല്ലാഹു ജമാഅത്തിലെ സാമ്പത്തികശേഷിയുള്ളവർക്കും ഇക്കാര്യത്തിൽ ശ്രദ്ധിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ല വരുമാനമുള്ളവർ നല്ലതുപോലെ ശ്രദ്ധിക്കുന്നുണ്ട്. പക്ഷേ, ഇപ്പോഴും ഇതിൽ കൂടുതൽ ആളുകളെ ചേർക്കാനും തങ്ങളുടെ അവസ്ഥയ്ക്കനുസരിച്ച് ചന്ദ കൊടുക്കാനും സാഹചര്യമുണ്ട്. ദരിദ്രരായ ആളുകൾ ഞാൻ പറഞ്ഞുവന്നതുപോലെ ത്യാഗങ്ങളിൽ ഒരുപാട് മുന്നിലാണ്. എന്നാൽ, ധനാഢ്യരായ ആളുകളും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

ഇനി ഞാൻ കഴിഞ്ഞ വർഷത്തെ കണക്കുകളും കേൾപ്പിക്കാം. തഹ്‌രീക്കെ ജദീദിന്റെ ഫലങ്ങളെ സംബന്ധിച്ച് പറയാം. ആദ്യം നമ്മൾ ഖാദിയാനിൽനിന്ന് പുറത്തു കടന്നിരുന്നില്ല. അതല്ലെങ്കിൽ ഇന്ത്യയ്ക്കകത്ത് കുറച്ചു മാത്രമെ വ്യപിച്ചിരുന്നുള്ളു. എന്നാൽ, ഇപ്പോൾ ലോകത്തുള്ള 220 രാജ്യങ്ങളിൽ മസ്ജിദുകളുടെ മൊത്തം എണ്ണം 9300-ൽ അധികമാണ്. മിഷൻഹൗസുകളുടെ എണ്ണം 3400-ൽ അധികമാണ്. ഡസൻകണക്കിന് മസ്ജിദുകൾ നിർമാണത്തിലാണ്. മിഷൻഹൗസുകളും നിർമാണ ഘട്ടത്തിലാണുള്ളത്. മുബല്ലിഗ് മുഅല്ലിമുമാരുടെ എണ്ണം അയ്യായിരത്തോളമാണ്. ഇവരും വർധിച്ചുവരികയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിശുദ്ധ ഖുർആൻ പരിഭാഷയും നടന്നുകൊണ്ടിരിക്കുന്നു. 77 ഭാഷകളിൽ തർജമ കഴിഞ്ഞിരിക്കുന്നു. സാഹിത്യങ്ങൾ പ്രസിദ്ധീകരിക്കുന്നു. വിവിധ ഭാഷകളിൽ ഗ്രന്ഥങ്ങൾ തർജമ ചെയ്തുകൊണ്ടിരിക്കുന്നു. ഒരുപാടു പ്രവർത്തനങ്ങൾ തഹ്‌രീക്കെ ജദീദ് ആരംഭിച്ചതുമുതൽ അതുമുഖേന നടന്നുകൊണ്ടിരിക്കുന്നു. ഇതിൽ മറ്റുചന്ദകളും ഉൾപ്പെടുന്നുവെങ്കിലും തഹ്‌രീക്കെ ജദീദിന് വലിയൊരു പങ്കുണ്ട്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇനി ഞാൻ തഹ്‌രീക്കെ ജദീദിന്റെ നവവത്സരവിളംബരം ചെയ്യുകയാണ്. 89-ാം വർഷം ഒക്ടോബർ 31 ന് അവസാനിച്ചിരിക്കുന്നു. ഇനി 90-ാം വർഷത്തിൽ പ്രവേശിക്കുകയാണ്. ഈ വർഷം ആഗോള അഹ്‌മദിയ്യ ജമാഅത്തിന് 17.20 മില്യൺ പൗണ്ടിന്റെ ത്യാഗം ചെയ്യാൻ തൗഫീഖ് ലഭിച്ചിരിക്കുന്നു. അൽഹംദുലില്ലാഹ്. ലോകത്തിന്റെ സാമ്പത്തികാവസ്ഥ അങ്ങേയറ്റം മോശമായിരുന്നിട്ടുകൂടി ഇതു കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഏഴുലക്ഷത്തി നാൽപത്തിയൊമ്പതിനായിരം പൗണ്ട് അധികമാണ്.

ജർമനി ജമാഅത്ത് ഇപ്രാവശ്യവും ലോക ജമാഅത്തുളിൽ ഒന്നാം സ്ഥാനത്താകുന്നു. കറൻസികളുടെ വില ലോകത്ത് വളരെയേറെ മാറിയിട്ടുണ്ട്. പാക്കിസ്താനിലും പൊതുവെ ഇങ്ങനെയൊക്കെയാണെങ്കിലും പ്രാദേശിക തലത്തിൽ എല്ലാവരും തങ്ങളുടെ ത്യാഗത്തിന്റെ നിലവാരം ഉയർത്തിയിട്ടുണ്ട്. പാക്കിസ്താനൊഴിച്ചുള്ള രാജ്യങ്ങളിൽ ജർമനി ഒന്നാം സ്ഥാനത്താകുന്നു. ഞാൻ പറഞ്ഞതുപോലെ ജർമനി പൂർണമായും ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. ഒന്നാം സ്ഥാനം ജർമനി, പിന്നീട് ബ്രിട്ടൻ, കനഡ മൂന്നാം സ്ഥാനത്തു വന്നു. അമേരിക്ക നാലാം സ്ഥാനത്തേക്ക് പോയി. അഞ്ചാം സ്ഥാനത്ത് മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്താണ്. ആറാം സ്ഥാനത്ത് ഇന്ത്യാ. ഏഴാം സ്ഥാനത്ത് ഓസ്ട്രേലിയ. എട്ട് ഇന്തൊനേഷ്യാ. ഒമ്പത് വീണ്ടും മിഡിൽഈസ്റ്റിലെ ഒരു ജമാഅത്താണുള്ളത്. പത്താം സ്ഥാനത്ത് ഘാന. ഇവിടേയും കറൻസി വലിയ ഡിവാല്യു ആയിട്ടുണ്ട്. എന്നിട്ടും ഘാന ഈ വർഷവും തങ്ങളുടെ പത്താം സ്ഥാനം നിലനിറുത്തിയിരിക്കുന്നു.

ചെറിയ ജമാഅത്തുകൾ:ചെറിയ ജമാഅത്തുകൾ:അയർലൻഡ്, മൊറേഷ്യസ്, ഹോളണ്ട്, മലേഷ്യാ, സിംഗപ്പൂർ, ന്യൂസിലൻഡ്, ഖസാഖ്സ്താൻ, ജോർജിയ എന്നിവയാണ് എണ്ണപ്പെട്ട രാജ്യങ്ങൾ. ആഫ്രിക്കൻ രാജ്യങ്ങളിൽ ശ്രദ്ധേയമായ സ്ഥാനം കരസ്ഥമാക്കിയത് ഘാന, മൗറീഷ്യസ്, നൈജീരിയ, ബുർക്കിനാ ഫാസോ, ടൻസാനിയ, ഗാംബിയ, ഉഗാണ്ട, ലൈബീരിയ, സിയറ ലിയോൺ, ബെനിൻ.

തഹ്‌രീക്കെ ജദീദിൽ പങ്കെടുത്തവരുടെ മൊത്തം എണ്ണം 16,33000 ത്തിലധികമാകുന്നു. ഇക്കാര്യത്തിൽ കൂടുതൽ സേവനം ചെയ്ത രാജ്യങ്ങൾ ഗിനികൊണാക്രി, ജമൈക്ക, കിർഗിസ്ഥാൻ, സാംബിയ, നേപ്പാൾ, ഘാന, കെനിയ, ടൻസാനിയ, കോംഗോ കിൻഷാസാ, കോംഗോ ബ്രാസവിൽ, നൈജീരിയ, സെനഗൾ, ഐവറികോസ്റ്റ്, മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്.

ആദ്യത്തെ സ്ഥാനത്തുവന്ന ജർമനിയിലെ 10 ജമാഅത്തുകൾ: റോഡന്മാർക്ക്, റോഡ്ഗാ, കീൽ, ഓസൻ ബർഗ്, പിന്നെബർഗ്, നോയിസ്, നിഡ, കോലോൺ, മഹ്ദിയാബാദ്, ഫ്‌ലോറസ്ഹയിം. ആദ്യത്തെ പത്തു ഇമാറത്തുകൾ:ഹംബർഗ്, ഫ്രാങ്ക്ഫർട്ട്, ഗ്രോസ്ഗീര, വേസ്ബാൻ, ഡട്ടസ്ബാഗ്, റെഡ്ഷട്ടഡ്, വേസൽഹയിം, മോറോഫൽഡൻ, ഡാൽഡ്രാഫ്, ഡാംഷട്ടഡ്, മാൻ ഹായിം. ബ്രിട്ടണിലെ ആദ്യത്തെ 5 റീജ്യണുകൾ:ബയ്ത്തുൽഫുതൂഹ്, ഇസ്‌ലാമാബാദ്, മിഡ്‌ലാൻഡ്, മസ്ജിദ് ഫള്ൽ, ബയ്തുൽഇഹ്സാൻ.

ബ്രിട്ടണിലെ ആദ്യത്തെ 10 ജമാഅത്തുകൾ:ഫാർനഹം, വോർകസ്റ്റർ പാർക്ക്, സൗത്ത് ചീം, ഇസ്‌ലാമാ ബാദ്, വാൽസാൻ, ഐഷ്, ഗില്ലിംഗ്ഹാം, അൽഡർഷോട്ട് സൗത്ത്, എവൽ, ബ്രോഡ്ഫോർഡ് നോർത്ത്.

ചെറിയ ജമാഅത്തുകൾ:സ്പിൻവാലി, സവാനറി, നോർത്ത് ഹെയിംടൺ, നോർത്ത് വേൽസ്, ന്യൂപോർട്ട്.

ഇന്ത്യയിലെ ആദ്യത്തെ പത്ത് സംസ്ഥാനങ്ങൾ:ഒന്നാം സ്ഥാനം കേരളം. പിന്നീട് തമിൾനാട്, കർണാടക, തെലുങ്കാന, ജമ്മു&കശ്മീർ, ഒഡിഷ, പഞ്ചാബ്, ബംഗാൾ, ഡൽഹി, മഹാരാഷ്ട്ര.

ത്യാഗത്തിൽ ആദ്യത്തെ ജമാഅത്തുകൾ:കോയമ്പത്തൂർ, തമിൾനാട്, ഖാദിയാൻ, ഹൈദ്രാബാദ്, കോഴിക്കോട്, മഞ്ചേരി, മേലേപാളയം, ബാംഗ്ലൂർ, കൊൽക്കത്ത, കരുളായി, കേരംഗ്.

ഓസ്ട്രേലിയായിലെ 10 ജമാഅത്തുകൾ: ങലഹയീൗില ഘമിഴ ണമ്യൃശി, ങമൃറെലി ജമൃസ, ജലിൃശവേ, പെർത്ത്. അറലഹമശറല ണലമ്വ ഇമഹെല ഒശഹഹ, പേഴ്സബൻ ലോഗൺ ഈസ്റ്റ്, ജമ്യൃമാമമേ, ങലഹയീൗില ക്ലൈറ്റ്. അല്ലാഹു ത്യാഗം ചെയ്യുന്ന എല്ലാവരുടേയും സമ്പത്തിലും ആയുസ്സിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. ഇവർ മുമ്പേയുള്ളതിനെക്കാൾ അധികം ത്യാഗം ചെയ്യുന്നവരാകുമാറാകട്ടെ. ഫലസ്തീനികളെ എപ്പോഴും ദുആകളിലോർക്കുക. അവരെ മറക്കരുത്. അക്രമങ്ങളുടെ ആട്ടുകല്ലിൽ അരയ്ക്കപ്പെടുന്ന സ്ത്രീകളുടേയും കുട്ടികളുടേയും മോചനത്തിന് അല്ലാഹു എത്രയുംവേഗം വഴിയൊരുക്കുമാറാകട്ടെ.(വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി)




AL ISLAM

**• അല്ലാഹുവിന്റെ കലാം: •**

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)**

tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

**• അല്ലാഹുവിന്റെ കലാം: •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

# മൂന്നാം ലോകമഹായുദ്ധവും മനുഷ്യരാശിയുടെ രക്ഷയും അഹ്മദിയ്യാ ജമാഅത്തിന്റെ സേവനവും

## *ഹിദായത്തുല്ലാഹ് മണ്ടാശി ഖാദിയാൻ*

**മൊഴി മാറ്റം: മൗലവി അലിക്കുഞ്ഞ് എച്ച്. എ കരുളായ്**

**(കഴിഞ്ഞ ലക്കം തുടർച്ച.....)**

(1) കറൻസിയും എക്സ്ചേഞ്ചും (2) വാണിജ്യപരമായ ബന്ധങ്ങൾ (3) അന്താരാഷ്ട്ര കോടതി (4) യാത്രാ സൗകര്യങ്ങൾ. അതായത് ഒരു രാജ്യത്തുനിന്ന് മറ്റൊരു രാജ്യത്തേക്ക് സ്വതന്ത്രമായി പോകാൻ ഓരോരുത്തർക്കും സൗകര്യം ലഭ്യമായിരിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ലീഗ് ഓഫ് നേഷൻസിനും കൂടുതൽ നിർബന്ധമാണ്. കാരണം ലേഗ് ഓഫ് നേഷൻസിന്റെ ആവശ്യം ഇടയ്ക്കിടെ ഉണ്ടാകുന്നുണ്ട്. പക്ഷേ, യാത്രയും വാണിജ്യപരമായ ബന്ധങ്ങൾ തുടങ്ങിയവയും നിത്യേന ഉണ്ടാകുന്ന കാര്യങ്ങളാണ്. അന്യരാജ്യക്കാരായ ആരും തങ്ങളുടെ രാജ്യത്ത് പ്രവേശിക്കാൻ പാടില്ല എന്ന നിയമം ഉണ്ടാക്കിവച്ചിട്ടുള്ള ചില രാജ്യങ്ങളും ഇപ്പോഴുണ്ട്. ഉദാഹരണത്തിന് റഷ്യ. മറ്റു ചില രാജ്യങ്ങൾ അന്യരാജ്യക്കാരൻ തങ്ങളുടെ നാട്ടിൽ കടക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. ഞങ്ങളുടെ മുബല്ലിഗിനെ അവിടെ അയക്കുന്നതിനുവേണ്ടി പാസ്പോർട്ടെടുക്കാൻ ഞങ്ങൾ ഒരുപാട് ശ്രമിച്ചു. പക്ഷേ, പാസ്പോർട്ട് നല്കപ്പെട്ടില്ല. ആശയവിനിമയം നടത്താൻ അനുവദം ഉണ്ടാകാത്തിടത്തോളം ഐക്യം ഉണ്ടാകുകയില്ല. കാരണം ഭരണകൂടങ്ങളുടെ ഐക്യത്തിന് വ്യക്തികളുടെ ഐക്യം നിർബന്ധമാണ്. ആശയവിനിമയം ചെയ്യപ്പെടാത്തിടത്തോളം വ്യക്തികളുടെ ഐക്യം ഉണ്ടാകുകയില്ല. അതുകൊണ്ട് ആശയവിനിമയം നടത്തുക എന്നത് ഭരണകൂടങ്ങളുടെ ഐക്യത്തിനുള്ള ആദ്യത്തെ ചുവടാണ്. ഈ നാല് കാര്യങ്ങൾ സംഘടിപ്പിക്കാൻ കഴിഞ്ഞാൽ സമാധാനം സ്ഥാപിക്കാൻ കഴിയുന്നതാണ്.

ഇനി രാജ്യത്തെ ആഭ്യന്തരലഹളകളെ ദൂരീകരിക്കാൻ ഇസ്‌ലാം നിശ്ചയിച്ച ചില കാര്യങ്ങൾ വിവരിക്കാം. ഒന്നാമത്തെ കാര്യം വംശവിവേചനം ഇല്ലാതാക്കുകയെന്നതാണ്. അല്ലാഹു പറയുന്നത് നോക്കുക: നാം നിങ്ങളെ ആണിൽനിന്നും പെണ്ണിൽനിന്നും സൃഷ്ടിച്ചു. നിങ്ങൾ പരസ്പരം തിരിച്ചറിയുന്നതിനുവേണ്ടി നിങ്ങളെ പല ഗോത്രങ്ങളും വിഭാഗങ്ങളുമാക്കി. എന്നാൽ, നിങ്ങളിൽ ഏറ്റവും അന്തസ്സാർജിക്കുന്നത് കൂടുതൽ തഖ്‌വ കരസ്ഥമാക്കുന്നവരാണെന്ന കാര്യം ഓർക്കുക. ഈ ജനതകളും ഗോത്രങ്ങളും കുടുംബങ്ങളും പരിചയപ്പെടുന്നതിനും തിരിച്ചറിയുന്നതിനുംവേണ്ടിയാണ്; തിരിച്ചറിയുന്നതിന് പേരു വെക്കുന്നതുപോലെ. എന്നാൽ പേരു കാരണത്താൽ, ഇവൻ അബ്ദുല്ലാ ആയതുകൊണ്ട് ചെറുതാണെന്നും റഹ്മാൻ ആയതുകൊണ്ട് വലുതാണെന്നും നിങ്ങൾ എപ്പോഴെങ്കിലും മനസ്സിലാക്കുമോ? ഈ നാമങ്ങൾ തിരിച്ചറിയാൻവേണ്ടിയുള്ളതാണ്. പക്ഷേ, ചിലയാളുകൾ തങ്ങളുടെ വിഡ്ഢിത്തം കൊണ്ട് തങ്ങളെ മറ്റുള്ളവരെകക്കാൾ ശ്രേഷ്ഠരായി മനസ്സിലക്കാൻ തുടങ്ങുന്നു. മുസ്‌ലീംകളിലുള്ള സയ്യിദും ഹിന്ദുക്കളിലുള്ള ബ്രാഹ്മണനും പൊതുവെ തങ്ങളെ ശ്രേഷ്ഠരായി മനസ്സിലാക്കുന്നകരാണ്. അതിനാൽ ഈ ജനതകളേയും ഗോത്രങ്ങളേയും തരംതിരിച്ചിട്ടുള്ളത് ഒരു മഹത്വവും ഉൾക്കൊള്ളുന്നില്ല. ഇതെല്ലാം തിരിച്ചറിയാനുള്ള മാർഗങ്ങൾ മാത്രമാണ്. എല്ലാവരുടേയും പേർ അബ്ദുർറഹ്മാനെന്നും എല്ലാവരുടേയും പേർ അബ്ദുല്ലാഹ് എന്നും എല്ലാവരുടേയും പേർ ചൗനിലാൽ എന്നും എല്ലാവരുടേയും പേർ രാംലാൽ എന്നും വെക്കുകയാണെങ്കിൽ തിരിച്ചറിയാൻ പ്രയാസമായിരിക്കും. അതുകൊണ്ട് ഈ പേരും ഗോത്രങ്ങളും രാജ്യങ്ങൾ തുടങ്ങിയവയും നമുക്ക് തിരിച്ചറിയാൻ എളുപ്പത്തിനുവേണ്ടിയുള്ള മാർഗമാണ്. അല്ലാതെ ഇസ്‌ലാം മനുഷ്യരിൽ ഒരാൾക്ക് മറ്റേ ആളേക്കാൾ ഗോത്രത്തിന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രാജ്യത്തിന്റെ പേരിലോ മേന്മയൊന്നും കല്പിക്കുന്നില്ല. മുഹമ്മദ് നബി(സ)ഒരിക്കൽ ഇപ്രകാരം പറഞ്ഞു: അറബിക്ക് അനറബിക്കുമേൽ ഒരു മേന്മയും ഇല്ല. അതുപോലെ അനറബിക്ക് അറബിയുടെമേലും മേന്മയൊന്നുമില്ല. സർവരും അല്ലാഹുവിന്റെ സൃഷ്ടികളാണ്.

രണ്ടാമത്തെ കാര്യം സുഹൃത്തും സുഹൃത്തല്ലാത്തവരും തമ്മിലുള്ള വിവേചനം എടുത്തുമാറ്റുക എന്നതാണ്. ലോകത്ത് പൊതുവെ കണ്ടുവരുന്നത് ആളുകൾ തങ്ങളുടെ സുഹത്തുക്കളെ സഹായിക്കുന്നതാണ്. ആരെങ്കിലുമായി എന്തെങ്കിലും അഭിപ്രായ ഭിന്നതയുണ്ടെങ്കിൽ അവരെ ഇക്ഴത്തിക്കാണിക്കാൻ ശ്രമിക്കുന്നു. ഈ രീതി സമാധാനം കെടുത്തുന്നതാണ്. അല്ലാഹു പറയുന്നു:നാം നിങ്ങളെ കൂട്ടുകൂടുന്നതിൽനിന്ന് തടയുന്നില്ല. നിങ്ങൾ കൂട്ടുകാരെ സഹായിച്ചുകൊള്ളുക. എന്നാൽ, ആ നന്മ തഖ്‌വയുടെ പരിധിക്കുള്ളിലായിരിക്കണം. അവന് അർഹതപ്പെട്ടത് എത്തിച്ചുകൊടുക്കുക. സുഹൃത്തായതുകൊണ്ട് പാത്തിന്റേയും ധിക്കാരത്തിന്റേയും അവസ്ഥയിലും അവനെ സഹായിച്ചുകൊണ്ടിരിക്കുക എന്നതല്ല. നബി(സ)തിരുമേനി ഒരിക്കൽ സ്വഹാബാക്കളോടു പറഞ്ഞു:ഉൻസ്വുർ അഖാക്ക ളാലിമൻ ഔ മള്‌ലൂമൻ നീ നിന്റെ സഹോദരനെ സഹായിക്കുക; അവൻ അക്രമിയും അക്രമിക്കപ്പെട്ടവനുമായിരിക്കുമ്പോൾ. സ്വഹാബാക്കൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! അക്രമിക്കപ്പെട്ടവരെ സഹായിക്കുക എന്നു പറഞ്ഞത് ഞങ്ങൾക്കു മനസ്സിലായി. ഈ അക്രമിയെ എങ്ങനെയാണ് സഹായിക്കുക? അവിടന്ന് പറഞ്ഞു, അവനെ അക്രമം ചെയ്യുന്നതിൽനിന്ന് തടയുക.അതായത് സഹോദരനെ സഹായിക്കുക എന്നത് ഏതവസ്ഥയിലും നിങ്ങൾക്കു നിർബന്ധമായ കാര്യമാണ്. അവൻ അക്രമിക്കപ്പെട്ടവനാണെങ്കിൽ അക്രമിയുടെ കൈ തടയുക. അവൻ സ്വയം അക്രമിയാണെങ്കിൽ അക്രമം ചെയ്യുന്നതിൽനിന്ന് അവനെ തടയുക. അനുവദനീയമായ സഹായത്തെ സംബന്ധിച്ച് ഇസ്‌ലാം കല്പിക്കുന്നു. പക്ഷേ, അനുവദനീയമല്ലാത്ത സഹായത്തെ ശക്തമായി തടയുകയും ചെയ്യുന്നു. സന്തോഷത്തിന്റെ ലഹരയിൽ അനുവദനീയമല്ലാത്ത എല്ലാ കാര്യങ്ങളും സമ്മതിച്ചുകൊണ്ടു പോകരുത്.

മൂന്നാമത്തെ കാര്യം ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ഇല്ലാതാക്കാൻ ശ്രമിക്കുക. അല്ലാഹു പറയുന്നു: അല്ലാഹു തന്റെ ദൂതന് നല്കുന്ന നാട്ടുവാസികളുടെ ധനം അല്ലാഹുവിനും അവന്റെ റസൂലിനും ബന്ധുക്കൾക്കുമുള്ളതാണ്. ഇപ്രകാരംതന്നെ അനാഥർക്കും അഗതികൾക്കും യാത്രക്കാർക്കുമുള്ളതാണ്. നാം ഈ നിയമം ഉണ്ടാക്കിയിട്ടുള്ളത് നിങ്ങളിലെ സമ്പന്നരുടെ ഉള്ളിൽമാത്രം കറങ്ങിക്കൊണ്ടിരിക്കുന്ന ഈ ധനംകൊണ്ട് ദരിദ്രരുടെ ആവശ്യങ്ങളും നിറവേറ്റപ്പെടുന്നതിനുവേണ്ടിയാണ്. സമ്പന്നരുടെ സമ്പത്ത് പൂർണമായും പിടിച്ചു പറിക്കണമെന്ന് ഇസ്‌ലാം പറയുന്നില്ല. എല്ലാരീതിയിലും സമത്വം സ്ഥാപിക്കപ്പെടണം. എന്നല്ല അവൻ വ്യക്തിപരമായ സ്വാതന്ത്ര്യത്തിന്റെ അവകാശവും നിലനിറുത്തുന്നു. എന്നാൽ, അതിനോടൊപ്പം ദരിദ്രർ അഭിവൃദ്ധിപ്പെട്ടു വരുംവിധം നിങ്ങളുടെ ധനത്തെ ചെലവഴിക്കാൻ ഭരണവ്യവസ്ഥിതിയോടു പറയുകയും ചെയ്യുന്നു.

നാലാമത്തെ കാര്യം സാമുദായിക പക്ഷപാതിത്വം ഇല്ലാതാക്കുകയെന്നതാണ്. സമുദായം എന്ത് പറയുന്നു അത് ശരിയാണോ തെറ്റാണോ എന്നൊന്നും നോക്കാതെ അംഗീകരിക്കുക!അതുപോലെ നേതാക്കൾ പറയുന്നതെല്ലാം അംഗീകരിക്കുമെന്ന് അവരും പ്രതീക്ഷിക്കുന്നു. ഇസ്‌ലാം നല്ല കാര്യങ്ങളിൽ കൂടിയാലോചിക്കാൻ നിർദ്ദേശിക്കുമ്പോൾ പാപത്തിലും അതിക്രമത്തിലും പ്രവാചകനിഷേധത്തിലും സഹകരിക്കരുതെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു. ഈ നാല് കാര്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കുകയാണെങ്കിൽ സമാധാനം സ്ഥാപിക്കാൻ സാധ്യമാകുന്നതാണ്.(അൻവാറുൽ ഉലൂം വാല്യം 18 പേജ് 432-437)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമന്റെ കാലഘട്ടം ലോകം ഒരു കടുത്ത പ്രതിസന്ധി നേരിടുകയായിരുന്നു. സമൂഹത്തിലെ വെറുപ്പുകളെ വർധിപ്പിച്ച് ഒരു മൂന്നാം ലോകമഹായുദ്ധത്തിന് കോപ്പ് കൂട്ടുകയായിരുന്നു. അദ്ദേഹം ലോകത്തിന് സമാധാനത്തിന്റേയും ശാന്തിയുടേയും സന്ദേശം നൽകിക്കൊണ്ട് പറഞ്ഞു: ഞാൻ നൂറുക്കണക്കിന് പ്രാവശ്യം ഖുർആൻ വളരെയധികം ചിന്തിച്ചുകൊണ്ട് പാരായണം ചെയ്തിട്ടുണ്ട്. ഭൗതിക കാര്യങ്ങളിൽ മുസ്‌ലിംകളേയും അമുസ്‌ലിംകളേയും

**• ഹദീഥുന്നബ്‌വി(സ) •**

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

**• കലാമുൽ ഇമാം: •**

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാല്യം 1, പേജ് 220)

ത്വാലിബെ ദുആ:
C.K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

വേർതിരിക്കുന്ന ഒരായത്തുപോലും അതിലില്ല. ഇസ്‌ലാമിക ശരീഅത്ത് മനുഷ്യവർഗത്തിന് പൂർണമായും കാരുണ്യമാണ്. മുഹമ്മദ് റസൂലുല്ലാ(സ) യും സ്വഹാബാക്കളും ജനഹൃദയങ്ങളെ സ്നേഹംകൊണ്ടാണ് കീഴടക്കിയത്. ജനഹൃദയങ്ങളെ കീഴടക്കാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ നമ്മളും അവരുടെ കാലടികളെ പിൻപറ്റേണ്ടിവരും. ഖുർആനികാധ്യാപനങ്ങളുടെ സംഗ്രഹം എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് ഘീല ളീ്യ മഹഹ ഒമ്യേലേ ളീ്യ ിീില എന്നതാണ്. ഈയൊരു മാർഗമല്ലാതെ ഹൃദയങ്ങളെ ജയിച്ചടക്കാൻ മറ്റു മാർഗങ്ങളില്ല.(1980ലെ യു.കെ ജൽസാ സാലാന പ്രസംഗം, ദാറെ മഗ്‌രിബ് പേജ്523-524)

ഇതിനു പുറമെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ(റഹ്)ലണ്ടനിൽ, ബ്രിട്ടനും യൂറോപിനും എന്നല്ല മുഴുലോകത്തുമുളള ജനതകൾക്കും സമാധാന സന്ദേശമെത്തിക്കുകയും നാശകാരിയായ മൂന്നാം ലോക മഹായുദ്ധത്തെകുറിച്ച് മുന്നറിയിപ്പ് നല്കുകയും ചെയ്തു. അവിടന്ന് പറഞ്ഞു:സ്നേഹിതന്മാർക്കറിയാം ഞാൻ യൂറോപ്യൻ പര്യടത്തിനു പോയപ്പോൾ ലണ്ടനിൽ വാൻസ് വെർത്ത് ഹാളിൽ ഇംഗ്ലീഷിൽ ഒരു വിഷയം വായിച്ചിരുന്നു. ഇതിൽ ഇംഗ്ലണ്ടിലും യൂറോപ്പിലും വസിക്കുന്നവരെ മാത്രമല്ല മുഴുലോകത്തുമുളള ജനതകളെ സംബോധന ചെയ്തുകൊണ്ട് അവർ തങ്ങളുടെ രക്ഷിതാവിലേക്ക് മടങ്ങുകയുംമുഹമ്മദു റസൂലുല്ലായുടെ കൊടിക്കീഴിൽ അണിരിക്കുകയും ചെയ്യുന്നില്ലെങ്കിൽ അതിഭയാനകമായ നാശം അവർക്കു വിധിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നുവെന്നും അത് അന്ത്യദിനത്തിന്റെ മാതൃകയായിരിക്കുമെന്നും പറഞ്ഞിരുന്നു.(ഖുത്ബാത്തെ നാസിർ വാള്യം 1 പേജ് 930)

തന്റെ ഒരു പ്രസംഗത്തിൽ പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)പ്രവചിച്ച രണ്ട് ലോക മഹായുദ്ധങ്ങളുടെ പ്രവചനം പുലരുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) മറ്റൊരു യുദ്ധത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. അത് കഴിഞ്ഞ രണ്ട് യുദ്ധത്തെക്കാളും ഭയാനകമായിരിക്കും. രണ്ട് വിഭാഗവും പെട്ടെന്നായിരിക്കും ഏറ്റുമുട്ടുക. ആകാശത്തുനിന്ന് നാശവും മരണവും മഴപോലെ വർഷിക്കുന്നതാണ്. ഭയാനകമായ തീജ്വാലകൾ ഭൂമിയെ അതിന്റെ വലയത്തിൽ എടുക്കുന്നതാണ്. രണ്ട് യുദ്ധവിഭാഗവും അതായത് റഷ്യയും അവരുടെ കൂട്ടുകാരും അമേരിക്കയും അവരുടെ കൂട്ടുകാരും ഇരുകൂട്ടരും നാശമടയും. അവരുടെ ശക്തികളും സംസ്കാരവുമെല്ലാം തകർന്നടിയും. ഒരു പുതിയ സംസ്കാരം ഭൂമിയിൽ വരും. രക്ഷപ്പെടുന്നവർ ആശ്ചര്യത്തിലും അമ്പരപ്പിലുമായിത്തീരുന്നതാണ്.

അവിടന്ന് പറയുന്നു: റഷ്യയിലെ ജനങ്ങൾ ഈ നാശത്തിൽനിന്ന് ആപേക്ഷികമായി രക്ഷപ്പെടുകയും അവർ പെട്ടെന്ന് തങ്ങളുടെ സ്രഷ്ടാവിലേക്ക് തിരിയുകയും അവരിൽ ഇസ്‌ലാം പരക്കുകയും യഥാർഥ തൗഹീദിന് അവർ അടിയറവെക്കുകയും ചെയ്യുന്നതാണ്. (ഖുത്ബാത്തെ നാസിർ, 930-935)

വീണ്ടും പറയുന്നു: ഇസ്‌ലാമിക വിജയത്തിന്റെ പ്രഭാതം പൊട്ടിവിടരുന്നതിന്റെ അടയാളങ്ങൾ വെളിപ്പെട്ടുകൊണ്ടിരിക്കുകയാണ്. തീർച്ചയായും അത് പൂർണശോഭയോടെ വെളിപ്പെടുന്നതാണ്. എന്നാൽ, അതിന് മുമ്പേലോകം ഒരു ആഗോളനാശത്തിലൂടെ കടന്നുപോകുന്നതായിരിക്കും. എന്നാൽ, താക്കീതുപരമായ പ്രവചനങ്ങൾ തൗബയും ഇസ്തിഗ്ഫാറും മുഖേന നീട്ടിവെക്കപ്പെടുകയോ നീക്കപ്പെടുകയോ ചെയ്യാവുന്നതാണെന്ന കാര്യം ഓർക്കുക. തങ്ങളുടെ സമ്പത്തിനേയും ശക്തികളേയും സ്ഥാനങ്ങളേയും ദൈവമാക്കാതെ തങ്ങളുടെ നാഥനിലേക്ക് തിരിയുകയും തിന്മയിൽനിന്നും കാപട്യങ്ങളിൽനിന്നും രക്ഷപ്രാപിക്കുകയും ചെയ്താൽ രക്ഷപ്പെടാവുന്നതാണ്. ഇന്ന് ലോകം ഈ ഭൗതികതയുടെ ലഹരിയെ ഉപേക്ഷിക്കുന്നില്ലെങ്കിൽ ഈ പ്രവചനങ്ങൾ പുലരുകതന്നെ ചെയ്യും. ലോകത്തിലെ ഒരു ശക്തിക്കും അവർ ഉണ്ടാക്കിവെച്ചിട്ടുള്ള ദൈവങ്ങൾക്കും അതിനെ തടയാൻ സാധ്യമല്ല. (ഖുത്ബാത്തെ നാസിർ)

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ഖലീഫത്തുൽ മസീഹ് നാലാമൻ പറയുന്നു: ഭൗതിക രാഷ്ട്രീയ ങ്ങൾക്ക് നബി(സ)തിരുമേനിയുടെ അധ്യാപനം പരിചയപ്പെടുത്തികൊടുക്കുകയെന്നത് അഹ്മദിയ്യാ ജമാഅത്തിന്റെ നിർബന്ധ കടമയാണ്. അഹ്മദികൾ വസിക്കുന്ന എല്ലാ രാജ്യങ്ങളിലും അതിനായി ഒരു ജിഹാദ് തുടങ്ങട്ടെ. നിങ്ങളുടെ എല്ലാ നാശത്തിന്റേയും അടിസ്ഥാനം സ്വാർഥതയും അനീതിയുമാണെന്ന് അവരോട് പറയുക. നബി(സ)തിരുമേനിയുടെ അധ്യാപനം മാത്രമാണ് മനുഷ്യസമൂഹത്തിന് സമാധാനം പ്രദാനം ചെയ്യുന്നത്. (ഖുത്ബ ജുമുഅ നവംബർ 16 1990 മസ്ജിദ് ഫള്‌ൽ ലണ്ടൻ)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനും യുദ്ധംമൂലമുണ്ടാകാവുന്ന നാശങ്ങളിൽ നന്നും രക്ഷിക്കുന്നതിനുമായി അഹോരാത്രം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം തന്റെ ഖുത്ബകളിലൂടെയും പ്രസംഗങ്ങളിലൂടെയും ലോകത്തെ ബോധവൽക്കരിച്ചുകൊണ്ടിരിക്കുന്നതിനു പുറമെ ലോകം മുഴുവനും പര്യടനങ്ങൾ നടത്തുകയും അവിടത്തെ ജനങ്ങളേയും ഭരണാധികാരികളേയും ഇസ്‌ലാമിന്റെ സമാധാനപ്രിയമായ അധ്യാപനങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. 2008 ഒക്ടോബർ 22ന് ബ്രിട്ടീഷ് പാർലമെന്റ് ഹൗസിൽ ഇതുസംബന്ധമായി പ്രസംഗിച്ചു. 2012ന് ജർമനിയിലെ മിലിട്ടറി ഹെഡ്ക്വാർട്ടേർസിൽ പ്രസംഗിച്ചു. 2012ൽ ക്യാപിറ്റൽ ഹില്ല് വാഷിംഗ്ടണിൽ പ്രസംഗിച്ചു. ലണ്ടനിലെ പീസ് സിമ്പോസിയത്തിൽ ഈ വിഷയക മായി പ്രസംഗിച്ചു. 2012ൽ മുപ്പതോളം രാജ്യങ്ങളിലെ പ്രതിനിധികൾ സംബന്ധിച്ച യൂറോപ്യൻ പാർലമെന്റിൽ ഇത് സംബന്ധമായി പ്രസംഗിച്ചു. ഇതിനെല്ലാം പുറമെ താഴെ പറയുന്ന രാഷ്ട്രീയ നേതാക്കന്മാർക്കും മതനേതാക്കന്മാർക്കും കത്തുകൾ അയക്കുകയുണ്ടായി.

1. Holiness Pope Benedict the XVI
2. Prime Minister of Israel
3. President of Islamic Republic of Iran
4. President othe United States of America
5. Prime Minister of Canada
6. Custodian of the Two Holy Places the King of the Kingdm of Saudi Arabia.
7. Premier of the State Council of the People's Republic of China
8. Prime Minister of United Kingdom
9. The Chancellor of Germany
10. President of the French Republic
11. Her Mejesty the Queen of the United Kingdom and Commonwealth Nations
12. The Supreme Leader of the Islamic Republic of Iran.

പീസ് കോൺഫറൻസ്:

ഇവകൾക്കെല്ലാം പുറമെ എല്ലാ വർഷവും പീസ് കോൺഫറൻസ് നടത്തുകയും അതിൽ പാർലമെന്റ് അംഗങ്ങൾ വിവിധ രാജ്യങ്ങളുടെ അംബാസിഡർമാർ മേയർമാർ തുടങ്ങി വിവിധ മേഖലകളിലെ ചിന്തകന്മാരും നേതാക്കളും സംബന്ധിക്കുന്നു. അതിൽ ലോകത്തിന്റെ അവസ്ഥകൾ മുൻനിറുത്തി അതുമായി ബന്ധപ്പെട്ട ഇസ്‌ലാമിക അധ്യാപനം അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ കേൾപ്പിക്കുന്നു.

ഇതിനെല്ലാം പുറമെ ഖലീഫത്തുൽ മസീഹ് വിവിധ ടിവി, റേഡിയോ, പത്രപ്രതിനിധികൾക്ക് ജിഹാദിന്റെ യാഥാർഥ്യങ്ങൾ വിവരിച്ചുകൊടുക്കുകയും ഇസ്‌ലാമിനെക്കുറിച്ചുള്ള തെറ്റു ധാരണകൾ നീക്കാനുമുള്ള ശ്രമങ്ങൾ നടത്തിവരുകയും ചെയ്യുന്നു. അദ്ദേത്തിന്റെ ഗ്രന്ഥമായ വേൾഡ് ക്രൈസിസ് & പാത്ത് വേ ടു പീസ് (ണീൃഹറ ഇൃശശെ മിറ വേല ജമവേംമ്യ ീ ജലമരല) വിവിധ ഭാഷകളിൽ തർജമ ചെയ്ത് ലോകം മുഴുവൻ അഹ്ദമിയ്യാ ജമാഅത്ത് പ്രചരിപ്പിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമന്റെ ആത്മീയനേതൃത്വത്തിൻകീഴിൽ ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഇസ്‌ലാമിന്റെ സമാധാന സന്ദേശം എത്തിക്കുന്നതിൽ വ്യാപൃതരാണ്. ഇസ്‌ലാമിന്റെ സമാധാനസന്ദേശം നമ്മിൽ സ്വയം ആവാഹിക്കുന്നതോടൊപ്പം മറ്റുള്ളവരിലേക്കും അതെത്തിക്കാനും അങ്ങനെ ലോകസമാധാനം നിലനിറുത്താനും നമുക്ക് സൗഭാഗ്യം ലഭിക്കുമാറാകട്ടെ. (സമാപിച്ചു)

**128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തീയതികളിൽ സംഘടിപ്പിക്കുന്നതാണ്.**

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തിയതികളിൽ സംഘടിപ്പിക്കുന്നതിന് അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കുന്നതിന് ദുആയോടുകൂടി നിയ്യത്ത് വെച്ച് തയ്യാറെടുപ്പുകൾ നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഈ ജൽസസാലാന എല്ലാ വിധത്തിലും വിജയപ്രദവും അനുഗൃഹീതവുമാകുന്നതിനും ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനും ദുആ തുടർന്നുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനൽ ജസാഉ(നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

# സയ്യിദുനാ ഹദ്‌റത്ത് അമീറുല്‍ മുഅ്മിനീന്‍ ഖലീഫത്തുല്‍ മസീഹ് അല്‍ഖാമിസി(അയ്യദഹുല്ലാഹ്)ന്റെ അയര്‍ലന്‍ഡ് പര്യടനം(സെപ്റ്റംബര്‍ 2014)

**വിവ: മൗലവി അമീന്‍ സാഹിബ്, മാത്ര**

**(ബദ്ര്‍ വാള്യം 8, ലക്കം 48 പേജ് 12 കോളം 3-ല്‍നിന്ന് തുടര്‍ച്ച...)**

വിശിഷ്യാ അഹ്മദിയ്യാ ജമാഅത്തിന്റെ മഹിളാ സംവിധാനം ഓരോ വര്‍ഷവും ചാരിറ്റി പിരിക്കുന്നു. അതുപോലെ യുവതീയുവാക്കളും പ്രാദേശിക സമൂഹത്തില്‍ പൂര്‍ണമായ പങ്കാളിത്തം വഹിക്കുന്നു. അവര്‍ക്ക് വിദ്യാഭ്യാസത്തില്‍ സവിശേഷ ശ്രദ്ധയുണ്ട്. അതുപോലെതന്നെ ഇപ്പോള്‍ അയര്‍ലന്‍ഡില്‍ വിവിധ സംസ്കാരങ്ങളുമായും രാജ്യങ്ങളുമായും ബന്ധമുള്ളവരുടെ എണ്ണം വര്‍ധിക്കുന്നു. ഈ സമയത്ത് വിവിധ മതങ്ങളുടെ സഹകരണത്തോടെയുള്ള പ്രോഗ്രാമുകള്‍ സംഘടിപ്പിക്കല്‍ വളരെ പ്രാധാന്യം അര്‍ഹിക്കുന്നതാണ്.

ബിഷപ്പ് ഓഫ് ഗാല്‍വേയുടെ പ്രതിനിധിയായി എത്തിയ ഫാദര്‍ മാര്‍ട്ടിന്‍ വീലന്‍ തുടര്‍ന്ന് വേദിയെ അഭിമുഖീകരിച്ചുകൊണ്ട് തന്റെ വീക്ഷണങ്ങള്‍ സമര്‍പ്പിച്ചു: ബിഷപ്പ് ഓഫ് ഗാല്‍വേയുടേയും ഗാല്‍ വേയുടെ കത്തോലിക്കാ സമൂഹത്തിന്റേയും പ്രാതിനിധ്യത്തില്‍ ഈ പരിപാടിയില്‍ സംബന്ധിക്കുക എന്നത് എനിക്ക് ലഭിച്ച വലിയ ആദരവാണ്. ബൈബിളില്‍ സൃഷ്ടിപ്പ് എന്ന അധ്യായത്തില്‍ ദൈവം അബ്രഹാമിനോട് പറഞ്ഞു:പലതലമുറകള്‍ക്കുവേണ്ടി നിന്റെ അസ്തിത്വം അത്യുന്നത കാരണവരുടേതായിരിക്കും. ഞാന്‍ നിനക്ക് വളരെയധികം തലമുറകള്‍ നല്‍കും. ഞാന്‍ നിന്നോടു ഒരു ഉടമ്പടി ചെയ്യും. ഈ ഉടമ്പടി നിന്റെ എല്ലാ തലമുറകള്‍ക്കും വേണ്ടിയായിരിക്കും.

എണ്ണമറ്റ യഹൂദരും ക്രൈസ്തവരും മുസ്‌ലിമീങ്ങളും ഇബ്രാഹീമിന്റെ ദൈവത്തെ ആരാധിക്കുന്നു. ഇതേ വീക്ഷണത്തില്‍ കത്തോലിക്കാ ചര്‍ച്ച് മര്‍യം മസ്ജിദിന് സ്വയം വരവേല്‍പ്പ് ആശംസിക്കുന്നു. തദ്വാരാ, അഹ്മദീ മുസ്‌ലിമീങ്ങള്‍ക്ക് ശാന്തതയോടും സ്വാതന്ത്ര്യത്തോടും കൂടി ദൈവത്തെ ആരാധിക്കാന്‍ സാധിക്കുമാറാകട്ടെ. അത്യുന്നതനായദൈവം അങ്ങയുടെ ജമാഅത്തിന് എന്നും ശാന്തിയും വിജയങ്ങളും നല്‍കി അനുഗ്രഹിച്ചു കൊണ്ടിരിക്കുമാറാകട്ടെ.

ഗാല്‍വേ പട്ടണത്തിന്റേയും കൗണ്ടിയുടേയും ഒരു ഡിവിഷനായ ഗര്‍ദയുടെ പോലീസ് ചീഫ് സൂപ്രണ്ട് തോമസ് കേര്‍ലി തുടര്‍ന്ന് വേദിയെ അഭിമുഖീകരിച്ച് തന്റെ വികാരങ്ങള്‍ പങ്കുവെച്ചു. ഗാല്‍ വേയിലെ വ്യവസ്ഥാപിതമായ ആദ്യ മസ്ജിദിന്റെ ഉദ്ഘാടനത്തിന്റെ ഭാഗമാകുക എന്നത് എനിക്ക് ലഭിച്ച ആദരവാണ്. ആത്മീയ വഴികാട്ടിയായ ഖലീഫ മിര്‍സാ മസ്‌റൂര്‍ അഹ്മദ് സാഹിബിനും ഈ അവസരത്തില്‍ ഞാന്‍ സ്വാഗതമോതുന്നു. ഇത്ര മഹനീയമായ വ്യക്തിത്വത്തിന്റെ നമുക്കിടയിലുള്ള സാന്നിധ്യം വളരെയധികം അഭിമാനര്‍ഹമായ കാര്യമാണ്. ഈ മഹാനായ വ്യക്തിയുടെ ഇവിടുത്തെ സാന്നിധ്യം ഈ പരിപാടിയുടെ പ്രാധാന്യത്തെ വിളംബരപ്പെടുത്തുന്നതാണ്.

ഇസ്‌ലാം-അഹ്മദിയ്യത്ത് തീവ്രവാദത്തില്‍ വിശ്വസിക്കുന്നില്ലെന്ന് എനിക്ക് നല്ലവണ്ണം അറിയാം. ഇതര മതങ്ങള്‍ക്ക് ക്ഷമ കൈക്കൊള്ളാനുള്ള പാഠം നല്‍കുന്നു. ഇതേ കാരണം കൊണ്ടാണ് ഈ മസ്ജിദിന്റെ നാമകരണം ഹദ്‌റത്ത് മര്‍യം(അ)ന്റെ പേരില്‍ വെക്കപ്പെട്ടത്. ഇതു വളരെ സുപ്രധാനമായ അവസരമാണ്. ഗാല്‍വേ പട്ടണത്തെ മസ്ജിദ് നിര്‍മിക്കാന്‍ തിരഞ്ഞെടുത്തതില്‍ ഈ പട്ടണത്തിന്റെ ചീഫ് പോലീസ് സൂപ്രണ്ട് എന്ന നിലയില്‍ എനിക്ക് വളരെ സന്തോഷമുണ്ട്.

അയര്‍ലന്‍ഡ് നിയമമനുസരിച്ച് ഓരോരുത്തര്‍ക്കും സ്വന്തം ആരാധനകള്‍ നിര്‍വഹിക്കാന്‍ അവകാശമുണ്ട്. അഹ്മദിയ്യാ ജമാഅത്ത് മുസ്‌ലിമീങ്ങളിലെ ഒരു ന്യൂനപക്ഷ വിഭാഗമാണെന്ന് എനിക്ക് അറിയാന്‍ കഴിഞ്ഞു. ഇതര മുസ്‌ലിമീങ്ങളുടെ കൈകള്‍ മര്‍ദനങ്ങളുടെ വേട്ടക്കാരാണ്. എന്നാല്‍, പോലീസ് ഓഫീസര്‍ എന്ന നിലയില്‍ അഹ്മദിയ്യാ ജമാഅത്തിന് സുരക്ഷ ഉറപ്പു നല്‍കുന്നു.

ഗാല്‍വേ നഗരത്തിന്റെ മേയര്‍ ഡൊണാല്‍ ലിയോണ്‍സ് 1996 മുതല്‍ ഗാല്‍വേ സിറ്റി കൗണ്‍സില്‍ അംഗമാണ്. വിവിധ വകുപ്പുകളിലും കമ്മിറ്റികളിലും അംഗമാണ്. പോലീസ് കമ്മീഷണറായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹം സദസ്സിനെ അഭിമുഖീകരിച്ചു തന്റെ അഭിപ്രായങ്ങള്‍ പ്രകടിപ്പിച്ചു: ഗോത്രങ്ങളുടെ പട്ടണമായ ഗാല്‍വേയിലേക്ക് ഹദ്‌റത്ത് മിര്‍സാ മസ്‌റൂര്‍ അഹ്മദ് സാഹിബിനെ ആദ്യമായി ഞാന്‍ സ്വാഗതം ചെയ്യുന്നു. മേയര്‍ എന്ന നിലയില്‍ മര്‍യം മസ്ജിദിന്റെ ഉദ്ഘാടന പരിപാടിയുടെ ഭാഗമായത് എനിക്ക് ലഭിച്ച ബഹുമതിയാണ്. ഗാല്‍വേ പട്ടണത്തില്‍ വ്യവസ്ഥാപിതമായ നിലയില്‍ നിര്‍മിതമായ മര്‍യം എന്ന നാമകരണം ചെയ്തിട്ടുള്ള ആദ്യ മസ്ജിദ് ഈ പട്ടണത്തിലേയും അയര്‍ ലന്‍ഡിലേയും പൗരന്മാര്‍ക്ക് സമാധാനത്തിന്റെ അടയാളമാണ്. ഈ മസ്ജിദിന്റെ നിര്‍മാണംചരിത്രപരമായി വളരെ പ്രാധാന്യമുള്ള അവസരമാണ്. ഇന്നത്തെ ദിനം അഹ്മദിയ്യാ ജമാഅത്തിന് അവിസ്മരണീയമാണ്. 2010-ല്‍ ഈ മസ്ജിദിന് തറക്കല്ലിട്ടതുമുതല്‍ ഇതിന്റെ ഉദ്ഘാടനം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ഇസ്‌ലാമിക രീതിയിലും ഗൈലിക് രീതിയിലും നിര്‍മിതമായ മസ്ജിദ് കെട്ടിടം വ്യവസ്ഥാപിതമായി ഇന്ന് ഉദ്ഘാടനം ചെയ്യുന്നു. അഹ്മദിയ്യാ ജമാഅത്ത് ഇന്റര്‍ ഫൈത്ത് കോണ്‍ഫ്രന്‍സുകളും വിശുദ്ധ ഖുര്‍ആന്‍ എക്സിബിഷനുകളും പ്രചാരണപരമായ സ്റ്റാളുകളും അയര്‍ ലന്‍ഡില്‍ വളരെ ഉന്നത നിലവാരത്തില്‍ സംഘടിപ്പിക്കാറുണ്ട്. പ്രസ്തുത പരിപാടികള്‍ മുഖേന ഇസ്‌ലാമിനെ സംബന്ധിച്ചുണ്ടായിട്ടുള്ള വളരെയധികം തെറ്റായധാരണകള്‍ നീങ്ങിപ്പോയിരിക്കുന്നു. സമൂഹത്തില്‍ സഹവര്‍ത്തിത്വത്തിന് പ്രോത്സാഹനം ലഭിച്ചിരിക്കുന്നു. എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് ആപ്ത വാക്യത്തെ ഓരോ മതവും സ്വാംശീകരിക്കേണ്ടതുണ്ട്.

അഹ്മദിയ്യാ ജമാഅത്തിന് മസ്ജിദ് മര്‍യത്തിന്റെ ഉദ്ഘാടനത്തില്‍ ഞാന്‍ മംഗളാശംസകള്‍ നേരുന്നു. നമ്മുടെ പട്ടണം ശാന്തിയിലും സ്നേഹത്തിലും നിരന്തരം പുരോഗതി കൈവരിക്കാന്‍ അല്ലാഹു തുണയ്ക്കുമാറാകട്ടെ. നിങ്ങള്‍ക്കെല്ലാവര്‍ക്കും നന്ദി.

**മസ്ജിദ് മര്‍യം ഉദ്ഘാടന പരിപാടി ഹുദൂറിന്റെ പ്രഭാഷണം**

അതിഥികളുടെ ലഘുഭാഷണങ്ങള്‍ക്കുശേഷം ഹുദൂര്‍ സദസ്സിനെ അഭിമുഖീകരിച്ച് സംസാരിച്ചു. തശഹ്ഹുദ്, തഅവ്വുദ്, തസ്മിയക്കുശേഷം ഹുദൂര്‍ പറഞ്ഞു:

മാന്യ അതിഥികള്‍ക്കെല്ലാവര്‍ക്കും അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബര്‍ക്കാത്തുഹു. നിങ്ങളെല്ലാവരുടേയുമേല്‍ ഉന്നതനായ അല്ലാഹുവിന്റെ അനുഗ്രഹാശിസ്സുകളുണ്ടാകുമാറാകട്ടെ.

ഇന്ന് നമ്മോടൊപ്പം ഇവിടെ ഗാല്‍വേ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഈ മസ്ജിദിന്റെ ഉദ്ഘാടനത്തിന് ഭാഗഭാക്കായ എന്റെ അതിഥികള്‍ക്ക് ഈ അവസരത്തില്‍ ആദ്യമായി ഞാന്‍ നന്ദി പറഞ്ഞുകൊള്ളുന്നു. ഈ മസ്ജിദിന്റെ ഉദ്ഘാടന പരിപാടി ഒരു മുസ്‌ലിം വിഭാഗമാണ് സംഘടിപ്പിക്കുന്നത്. എന്നിരുന്നാലും ഇതിന്റെ ഭാഗമായത് നിങ്ങളുടെ ഹൃദയവിശാലതക്കും വിശാല കാഴ്ചപ്പാടിനുമുള്ള വ്യക്തമായ തെളിവാണ്. അതുകൊണ്ട് നിങ്ങളെല്ലാവരോടും എനിക്ക് കൃതജ്ഞതയുണ്ട്.

പരസ്പരം നന്ദി പറയണമെന്ന ഇസ്‌ലാം മതസ്ഥാപകര്‍ ഹദ്‌റത്ത് മുഹമ്മദ്(സ)തന്നില്‍ വിശ്വസിക്കുന്നവര്‍ക്ക് നല്‍കിയ അധ്യാപനം കാരണത്താലും എനിക്ക് നന്ദിയുടെ വികാരങ്ങള്‍ പ്രകടിപ്പിക്കല്‍ അനിവാര്യമാണ്. മറ്റുള്ളവര്‍ക്ക് നന്ദി പറയാത്തവര്‍ ഉന്നതനായ ദൈവത്തിനോടും നന്ദി കാണിക്കുന്നവരല്ലെന്നുവരെ നബി(സ) തിരുമേനി വ്യക്തമാക്കുന്നു. ഉന്നതനായ ദൈവത്തോട് നന്ദിയില്ലാത്തവരെ യഥാര്‍ഥ വിശ്വാസിയെന്ന് വിളിക്കുക സാധ്യമല്ല. യഥാര്‍ഥത്തില്‍ നന്ദി രേഖപ്പെടുത്തുക എന്ന വികാരങ്ങള്‍ മതം എനിക്ക് നല്‍കിയ അധ്യാപനവും മതപരമായ ഉത്തരവാദിത്വവുമാണ്. ഇക്കാലഘട്ടത്തില്‍ അധിക അമുസ്‌ലിമീങ്ങളും ഇസ്‌ലാമിനെ കുറിച്ചും മുസ്‌ലിമീങ്ങളെ സംബന്ധിച്ചും ആശങ്കകളും ഭയാവസ്ഥയും പുലര്‍ത്തുന്നതായി കാണുമ്പോള്‍ എന്റെ ഈ നന്ദി വികാരങ്ങള്‍ക്ക് കൂടുതല്‍ പ്രാധാന്യം കൈവരുന്നു. ഭയാവസ്ഥകള്‍ നിലനിന്നിട്ടും ഈ പരിപാടിയുടെ ഭാഗമാകുകയെന്നത് പ്രകൃത്യാ എന്റെ ഹൃദയത്തില്‍ നിങ്ങളോടുള്ള ആദരവ് വര്‍ധിപ്പിക്കുന്നു.

നിങ്ങളുടെ ഉള്ളില്‍ ഇസ്‌ലാമിനെ കുറിച്ച് ആശങ്കകളുണ്ടെങ്കില്‍ ഭയാവസ്ഥക്ക് ന്യായമുണ്ട്. കാരണം, മുസ്‌ലിം സമൂഹം വിശാലാടിസ്ഥാനത്തില്‍ വൈരുധ്യങ്ങളിലും കുഴപ്പങ്ങളിലും പെട്ടിരിക്കുന്നുവെന്ന് അങ്ങേയറ്റം വ്യസനത്തോടെ പറയേണ്ടിവരുന്നു. എന്നല്ല, ദിനേന നമ്മള്‍ കാണുന്നത് ചില മുസ്‌ലിമീങ്ങള്‍ മറ്റുള്ളവരുടെ അവകാശങ്ങള്‍ കവര്‍ന്നെടുക്കുന്നതാണ്. മുസ്‌ലിം ഭരണകൂടങ്ങള്‍ സ്വന്തം പ്രജകളുടെ അവകാശങ്ങള്‍ നിര്‍വഹിക്കുന്നില്ല. മറുഭാഗത്ത് പൊതുജനവും ജനാധിപത്യവിരുദ്ധമായും അനുവദനീയമല്ലാത്ത മാര്‍ഗങ്ങളിലൂടെയും ഭരണകൂടങ്ങളെ നശിപ്പിക്കാനുള്ള ശ്രമത്തില്‍ ഇടപെടുന്നു.

തീവ്രവാദ ഗ്രൂപ്പുകള്‍ കലഹങ്ങള്‍ വ്യാപിപ്പിക്കുന്നതെങ്ങനെയെന്ന് നമ്മള്‍ കാണുന്നു. സ്വന്തം തെറ്റായ പ്രവര്‍ത്തികളിലൂടെയും വീക്ഷണങ്ങളിലൂടെയും ലോകത്താകമാനം ഭീതിയും അസ്വസ്ഥതയും പരത്തുന്നു. ഇക്കാര്യങ്ങളുടെ വീക്ഷണത്തില്‍ ഒരു സങ്കോചവും കൂടാതെ ഞാന്‍ പറയുന്നു:ചില ഇത്തരം നാമമാത്ര മുസ്‌ലിമീങ്ങളും ഇസ്‌ലാമിന്റെ പേരില്‍ അക്ഷന്തവ്യമായ കുറ്റങ്ങളാണ് ചെയ്യുന്നത്. എന്നിരുന്നാലും ഞാന്‍ വ്യക്തമാക്കാനാഗ്രഹിക്കുന്നത് ചില മുസ്‌ലിം വിഭാഗങ്ങളോ ഭരണകൂടങ്ങളോ ആക്ഷേപകരമായ മാതൃക അവലംബിച്ചാലും ഒരു തരത്തിലും നിറത്തിലും അത് ഇസ്‌ലാമിന്റെ യഥാര്‍ഥ അധ്യാപനങ്ങളെ പ്രതിഫലിപ്പിക്കുന്നില്ല. എന്നല്ല, ഇസ്‌ലാം മുസ്‌ലിമീങ്ങളോട് സ്നേഹാനുകമ്പയോടും സഹാനുഭൂതിയോടും കാരുണ്യത്തോടുംകൂടി മറ്റു ജനതയോട് പെരുമാറാനും സ്വന്തം ജീവിതം നയിക്കാനും അധ്യാപനം നല്‍കി. കേവലം മുസ്‌ലിമീങ്ങളോട് പരസ്പരം അനുകമ്പാ പൂര്‍ണമായ വഴിയിലൂടെ പെരുമാറാനുള്ള അധ്യാപനം മാത്രമല്ല നല്‍കിയ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail badarmalayalam@gmiail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 7 December 2023 Issue-49

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

ത്. പ്രത്യുത, വിശുദ്ധ ഖുർആൻ സ്വന്തം ശത്രുക്കളോടും നീതിയെ നിരാകരിക്കുന്ന പെരുമാറ്റം ഉണ്ടാകരുതെന്നും അവരുടെ അനുവദനീയമായ അവകാശങ്ങൾ കവർന്നെടുക്കുന്നതിനെതിരേയും അധ്യാപനം നല്കിയിരിക്കുന്നു. അനുവദനീയമല്ലാത്ത വഴിയെ കൈക്കൊള്ളുന്ന ഓരോ വ്യക്തിയേയും വിശ്വാസി എന്ന് വിളിക്കാനുള്ള ഒരു അർഹതയും ഇല്ലെന്ന അധ്യാപനം ഇസ്ലാം നല്കിയിരിക്കുന്നു. ദൈവത്തിന്റെ സമക്ഷം ഒരിക്കലും സൂക്ഷ്മത പുലർത്തുന്നയാളെന്നോ പരിത്യാഗിയെന്നോ അയാൾ എണ്ണപ്പെടുകയില്ല.

വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾ വായിക്കുമ്പോൾ ഉന്നതനായ ദൈവം നബി(സ)തിരുമേനിക്ക് നിരുപമവും വ്യതിരിക്തവുമായ സ്ഥാനം നല്കിയിരിക്കുന്നതായി നമുക്ക് മനസ്സിലാകുന്നു. ദൈവത്തിന്റെയടുക്കൽ ആ മഹാത്മാവ് റഹ്മത്തുല്ലിൽ ആലമീനാണ്. അതായത്, സർവ്വ ലോകത്തിനും കാരുണ്യം എന്ന് സ്ഥിരീകരിച്ചിരിക്കുന്നു. കാരണം, ആ മഹാത്മാവ് മനുഷ്യകുലത്തിനോടുള്ള സ്നേഹത്തിന്റെ ആൾരൂപമായിരുന്നു. ലോകത്ത് നിലവിലുള്ള ഓരോ വ്യക്തിക്കു വേണ്ടിയും അത് ഏത് മതവുമായി ബന്ധപ്പെട്ടവരായിരുന്നാലും ശരി നബി(സ)തിരുമേനിയുടെ ഹൃദയത്തിൽ സ്നേഹാനുകമ്പ അലയടിച്ചിരുന്നു.

നബി(സ)തിരുമേനി അല്ലാഹുവിന്റെ പ്രിയപ്പെട്ട നബിയായിരുന്നു. നമ്മുടെ വിശ്വാസമനുസരിച്ച് അദ്ദേഹം പ്രവാചകന്മാരുടെ മുദ്രയാണ്. അദ്ദേഹം മുഖേന ശരീഅത്ത് അഥവാ ന്യായപ്രമാണം പൂർത്തീകരിക്കപ്പെട്ടു. അല്ലാഹു തന്റെ സൃഷ്ടിക്കു വേണ്ടി സമാധാനവും വിജയവും ആഗ്രഹിക്കുന്നതായി ശരീഅത്ത് പ്രഖ്യാപിക്കുമ്പോൾപ്പിന്നെ നബി(സ)തിരുമേനി അതിനെതിരിൽ മറ്റെന്തെങ്കിലും കാര്യത്തിലേക്ക് ആഹ്വാനം ചെയ്യുക സാധ്യമാണോ? തന്റെ എല്ലാ കടമകളും നബി(സ)തിരുമേനി പൂർത്തിയാക്കി എന്നതിൽ ഒരു സംശയവുമില്ല. ലോകത്തെ ഏറ്റവും നല്ല രീതിയിൽ ശാന്തിയിലേക്ക് ക്ഷണിച്ചു. ഒരു തരത്തിലുമുള്ള അതിക്രമത്തിനോ കുഴപ്പത്തിനോ (ദൈവത്തിൽ ശരണം)പ്രേരണ നല്കിയിട്ടില്ല. എന്നു മാത്രമല്ല, ആ മഹാത്മാവ് ഓരോ തീവ്രവാദത്തേയും വെറുപ്പിനേയും കുഴപ്പങ്ങളേയും പൂർണമായ നിലയിൽ അപലപിച്ചിരുന്നു.

ഉദാഹരണത്തിന്, മദീനയിൽ നബി(സ)തിരുമേനി ഭരണാധികാരിയായി നിശ്ചയിക്കപ്പെടുകയും അദ്ദേഹത്തിന്റെ ഭരണകൂടം സ്ഥാപിതമാകുകയും ചെയ്തു. അപ്പോൾ ചില അമുസ്ലിമീങ്ങൾ സമൂഹത്തെ വിഷലിപ്തമാക്കാനാഗ്രഹിച്ചിരുന്നു. അസമാധാനം സൃഷ്ടിക്കാനാഗ്രഹിച്ചിരുന്നു. എന്നാൽ, അവർക്ക് ഈ മോശമായ തീരുമാനം ഉണ്ടായിരുന്നിട്ടും നബി(സ)തിരുമേനി അവരോടു സ്നേഹാനുകമ്പയോടെ പെറുമാറി. ഇസ്ലാമിന്റെ ആരംഭകാല ചരിത്രം നീതിപൂർവം വായിക്കുന്ന ഏതൊരു വ്യക്തിക്കും നബി(സ)തിരുമേനി എന്നും അന്തർദേശീയ സമാധാനവും സുരക്ഷയും ദൃഢീകരിക്കുന്നതിനും ഓരോ അസമാധാനത്തിന്റേയും വിദ്വേഷത്തിന്റേയും അനീതിയുടേയും അന്ത്യം കുറിക്കാനും സാധ്യമായ ഓരോ ശ്രമവും നടത്തിയതായി കാണാം.

ഇസ്ലാമിന്റെ ദൈവം സർവ്വ ലോകത്തേയും പരിപാലിക്കുന്നവനാണെന്നതാണ് ഞാൻ വിശദമാക്കാനാഗ്രഹിക്കുന്ന മറ്റൊരു കാര്യം. വിശുദ്ധ ഖുർആനിലെ ആദ്യ അധ്യായത്തിൽത്തന്നെ വിശദമാക്കിയ കാര്യമാണിത്. അതായത്, സകലലോകത്തേയും പരിപാലിക്കുകയും ഘട്ടംഘട്ടമായി വളർത്തുകയും ചെയ്യുന്നവനാണ് ദൈവം. അവൻ മനുഷ്യകുലത്തിന്റെ ഓരോ ഭൗതികവും ആത്മീയവുമായ ആവശ്യം പൂർത്തിയാക്കുന്നു. സകല സൃഷ്ടികളുടേയും സ്രഷ്ടാവാണ് ഇസ്ലാമിന്റെ ദൈവം. സാധ്യമാകുന്ന പരിധിയിൽ പ്രസ്തുത ദൈവത്തിന്റെ ഗുണഗണങ്ങളെ സ്വായത്തമാക്കിക്കൊണ്ട് അവന്റെ സാമീപ്യവും സ്നേഹവും നേടാൻ ശ്രമിക്കുക. ദൈവത്തിന്റെ സവിശേഷ ഗുണങ്ങളിൽ സലാം (സമാധാന സമ്രാട്ട്) മുഅ്മിൻ (അഭയദാതാവ്) എന്നതുമുൾപ്പെടുന്നു. അതായത്, ഓരോരുത്തർക്കും ആ അസ്തിത്വം ശാന്തിയും സുരക്ഷതിത്വവും നല്കുന്നു. ഞാനിപ്പോൾ സൂചിപ്പിച്ചതുപോലെ അവൻ സർവലോകത്തിന്റേയും പരിപാലകനാണ്. ഇതും ദൈവത്തിന്റെ ഒരു വിശേഷഗുണമാണ്. തന്റെ ദാസരോട് ദൈവം തന്റെ സവിശേഷഗുണങ്ങൾ സ്വായത്തമാക്കാൻ ഉപദേശിക്കുമ്പോൾ ദൈവത്തിൽ ദൃഢവിശ്വാസം പുലർത്തുന്ന ഒരു യഥാർഥവിശ്വാസി അവന്റെ ഗുണങ്ങളെ സ്വായത്തമാക്കാൻ ശ്രമിക്കുന്നു. ഈ സാഹചര്യത്തിൽ അവൻ അനീതി കാണിക്കുന്നവനോ അതിക്രമിയോ ആകുന്നതെങ്ങനെ?

ഞാൻ വിശ്വാസം പുലർത്തുന്നതും പിൻപറ്റുന്നതുമായ ഇസ്ലാം അക്രമിയോ പ്രതികാരദാഹിയോ അല്ല. അത് ഒരു തരത്തിലുമുള്ള അതിക്രമത്തിനോ കുഴപ്പത്തിനോ അനീതിക്കോ നിർദേശിക്കുന്നില്ല. നബി(സ)തിരുമേനി വെറുപ്പും അതിക്രമവും പരത്താനല്ല നിയോഗിക്കപ്പെട്ടിട്ടുള്ളതും. പ്രത്യുത, നബി(സ)തിരുമേനി കാരുണ്യത്തിന്റെ അരുവിയായിട്ടാണ് നിയോഗിതനായിട്ടുള്ളത്. എന്നും മനുഷ്യ കുലത്തിനു വേണ്ടി ഒഴുകുന്ന ലോകാടിസ്ഥാനത്തിലുള്ള ശാശ്വത സ്നേഹമാണ് ആ മഹാത്മാവ്.

അവസാന കാലത്തെ കുറിച്ച് നബി(സ)തിരുമേനി നല്കിയ ദീർഘദർശനം ഏതു രൂപത്തിൽ പൂർത്തിയായെന്ന് നോക്കിയാൽ ആ മഹാത്മാവിന്റെ സത്യത കൂടുതൽ വ്യക്തമാകും. മുസ്ലിം ലോകം ആത്മീയ തകർച്ചക്കും അന്ധകാരത്തിനും വിധേയമാകുന്ന ഒരു കാലം വരുമെന്ന് നബി(സ)തിരുമേനി ദീർഘദർശനം ചെയ്തിരുന്നു. ഇസ്ലാമികാധ്യാപനങ്ങൾ മലിനീകരണത്തിന് വിധേയമാകുമ്പോൾ മുസ് ലിമീങ്ങളിലെ ഭൂരിപക്ഷംപേരും പൂർണമായും വഴികേടിലാകും. മുസ്ലിമീങ്ങളിലെ ഭൂരിപക്ഷം പേരുംതികച്ചും സ്വഭാവപരമായി തകർച്ചക്ക് വിധേയമാകുമ്പോൾ അവരിൽ നീതിയോ ശാന്തിയോ കാരുണ്യമോ പേരിനുപോലും ബാക്കിയുണ്ടാകുകയില്ല. വിശുദ്ധ ഖുർആൻ അതിന്റെ ബാഹ്യാവസ്ഥയിൽ സുരക്ഷിതമായിരുന്നാലും മുസ്ലിമീങ്ങൾ അതിന്റെ അധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുകയില്ലെന്നും നബി(സ)തിരുമേനി മുന്നറിയിപ്പ് നല്കിയിരുന്നു. മുസ്ലിം പണ്ഡിതന്മാർ അഥവാ മൗലവിമാർ കേവലം നാമമാത്രം ബാക്കിയാകുമെന്നും അവരുടെ പ്രവർത്തി ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങളോട് നിഷേധാത്മകമായിരിക്കുമെന്നും നബി(സ)തിരുമേനി മുന്നറിയിപ്പ് നല്കിയിരുന്നു.(തുടരും)

**(പേജ് 1 ൽനിന്ന്)**

രുമാനിച്ചു കഴിഞ്ഞിട്ടുള്ളതാണ്. കാരണം ദാനിയേലിന്റെ സ്വപ്നം അദ്ദേഹത്തിനാണ് ദുൽഖർനയ്ൻ എന്ന് പേരു നല്കിയിട്ടുള്ളത്. നമ്മൾ നോക്കേണ്ടത് അവരിലേതു രാജാവാണ് ഈ സവിശേഷതകളുൾക്കൊള്ളുന്നതെന്നാണ്. ഒന്നാമത്തേതും പ്രധാനപ്പെട്ടതമായ സവിശേഷത ഇൽഹാമിന്റെ സവിശേഷതയാണ്. ഇതുസംബന്ധമായി നമ്മൾ ചരിത്രം നോക്കുമ്പോൾ ഇറാന്റെ രാജാക്കന്മാരിൽ ഇൽഹാമുണ്ടാകാറുണ്ടായിരുന്ന ഒരു രാജാവിനെ നമുക്ക് കിട്ടുന്നുണ്ട്. അദ്ദേഹത്തിന്റെ നന്മയും തഖ്‌വായുടെ പ്രശംസയും നമുക്ക് മറ്റു നബിമാരുടെ പുസ്തകങ്ങളിൽനിന്നും ലഭിക്കുന്നുണ്ട്. കോരശാണ് ആ രാജാവ്. ഇദ്ദേഹത്തെ ഇംഗ്ലീഷിൽ സൈറസ്(ഇ്യൗ)എന്നു പറയുന്നു. യെശയ്യ പ്രവാചകൻ ഇതു സംബന്ധമായി എഴുതന്നു:യഹോവ തന്റെഅഭിഷിക്തനായ കോരെശിനോടു ഇപ്രകാരം അരുളി ചെയ്യുന്നു- അവന്നു ജാതികളെ കീഴടക്കി രാജാക്കന്മാരുടെ അരക്കച്ചകളെ അഴിക്കേണ്ടതിന്നും കതകുകൾ അവന്നു തുറന്നിരിക്കേണ്ടതിന്നും വാതിലുകൾ അടയാതിരിക്കേണ്ടതിന്നും ഞാൻ അവന്റെ വലകൈ പിടിച്ചിരിക്കുന്നു-:അവൻ നിനക്കു മുമ്പായി ചെന്ന് ദുർഘടങ്ങളെ നിരപ്പാക്കുകയും താമ്രവാതിലുകളെ തകർത്തു ഇരിമ്പോടാമ്പലുകളെ ഖണ്ഡിച്ചുകളകയും ചെയ്യും. നിന്നെ പേർ ചൊല്ലി വിളിക്കുന്ന ഞാൻ യഹോവ, യിസ്രായേലിന്റെ ദൈവം തന്നെ എന്നു നീ അറിയേണ്ടതിന്നു ഞാൻ നിനക്ക് ഇരുട്ടിലെ നിക്ഷേപങ്ങളേയും മറവിടങ്ങളിലെ ഗുപ്തനിധികളെയും എന്റെ ദാസനായ യാക്കോബ് നിമിത്തവും എന്റെ വൃതനായ യിസ്രായേൽനിമിത്തവും ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്നെ അറിയാതെ ഇരിക്കെ ഞാൻ നിന്നെ ഓമനപ്പേർ ചൊല്ലി വിളിച്ചിരിക്കുന്നു.(യെശയ്യാവ് 45:1- 4)

മയ്ദിന്റേയും ഇറാനിന്റേയും രാജാവ് ദൈവത്തിൽനിന്ന് ബർക്കത്ത് നല്കപ്പെട്ടയാളാണെന്ന് യെശയ്യ പ്രവാചകന്റെ വചനങ്ങളിൽനിന്ന് പ്രകടമാകുന്നുണ്ട്. അദ്ദേഹത്തെ മസീഹ് എന്ന് പറയപ്പെട്ടിരിക്കുന്നു.(ഇവിടെ ദുൽഖർനയ്നായ കോരശിനെ മസീഹെന്നും മസീഹ് മൗഊദിനെ ദുൽഖർനയ്നെന്നും പറയപ്പെട്ടിരിക്കുന്നുവെന്ന യാഥാർഥ്യം സ്മരണാർഹമാണ്). അദ്ദേഹത്തിന് അല്ലാഹു തന്റെ പ്രത്യേകമായ അനുഗ്രഹംകൊണ്ടാണ് ഭരണം നല്കിയിരുന്നതെന്ന് പിന്നീടെഴുതിയിരിക്കുന്നു. ഇതാണ് വിശുദ്ധ ഖുർആൻ ദുൽഖർനയ്നിനെ സംബന്ധിച്ച് പറയുന്നത്:ഇന്നാ മക്കന്നാലഹൂ ഫിൽഅർളി വ ആത്തയ്നാഹു മിൻകുല്ലി ശയ്ഇൻ സബബാ നാം അദ്ദേഹത്തിന് ഭൂമിയിൽ അധികാരം നല്കിയിരുന്നു. എല്ലാ കാര്യങ്ങളും കരസ്ഥമാക്കുന്നതിനുള്ള മാർഗങ്ങളും അദ്ദേഹത്തിനു നാം പ്രധാനം ചെയ്തിരുന്നു.(18:85) ഇപ്രകാരംതന്നെ എഴുതിയിരിക്കുന്നു:ഞാൻ നിന്റെ മുമ്പിൽ നടക്കുന്നതാണ്. നിന്റെ വളഞ്ഞവഴികളെ നേരെയാക്കുന്നതാണ്. ഇതു സൂചിപ്പിക്കുന്നത് അദ്ദേഹം ധാരാളം യാത്ര ചെയ്യുമെന്നാണ്. ഇതാണ് വിശുദ്ധ ഖുർആനിൽനിന്ന് പ്രകടമാകുന്നതും. പിന്നീട് യെശയ്യാവിന്റെ പ്രവചനത്തിലുണ്ട്, ഞാൻ ഇസ്റായീലിന്റെ ദൈവമാകുന്നു. അവൻ നിന്നെ പേരെടുത്തു വിളിച്ചു. വിശുദ്ധ ഖുർആനിലും ഖുൽനാ യാദൽഖർനയ്ൻ എന്നു വരുന്നുണ്ട്. നാം ദുൽഖർനയ്നെ പേരെടുത്തു വിളിച്ചു. ഞാൻ നിന്നെ അനുകമ്പയോടെ വിളിച്ചുവെന്നും പറഞ്ഞിരിക്കുന്നു. വീണ്ടും എഴുതിയിരിക്കുന്നു, നീ എന്നെ അറിയുമായിരുന്നില്ല. ഇതു സൂചിപ്പിക്കുന്നത്, അദ്ദേഹം തൗറാത്തിലെ പേരുകൾ കൊണ്ട് ദൈവത്തെ ആരാധിച്ചിരുന്നില്ലെന്നാണ്. പ്രത്യുത മറ്റുപേരുകൾ കൊണ്ടായിരുന്നു. ചരിത്രത്തിൽനിന്ന് സ്ഥാപിതമാകുന്നത് അദ്ദേഹം സർതുശ്ത് നബിയുടെ അനുയായി ആയിരുന്നുവെന്നാണ്.(തഫ്സീറെ കബീർ, വാള്യം 4, പേജ് 495, പ്രസാധനം 2010 ഖാദിയാൻ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin